
Registered No. M-4485.

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 ഒക്ടോബർ 29-ാംനു, വെള്ളിയാഴ്ച [ലക്കം 9



## സ്വാതന്ത്ര്യത്തിനുവേണ്ടി മരിക്കാനേതും ഭയമില്ലെന്നുനിനയ്ക്കൂ

"ഈ യുദ്ധം വളരെ കഷ്ടവും, ദുഃഖകരവും, രക്തപ്രവാഹത്തിന്നിടയാക്കുന്ന ഒരു ഭയങ്കര സംഭവവുമാകുന്നു. ഇതു കുറച്ചു കാലം നീണ്ടുനില്ക്കാതിരിക്കയില്ല. അതിന്നു ശേഷമെ വിജയം കൈവരികയുള്ളൂ. വിജയത്തിലേക്കുള്ള വഴി നാം എപ്പോഴും കാത്തുകൊണ്ടിരിക്കേണ്ടതാണ്.

നമ്മുടെ സൈന്യങ്ങൾക്കു ഇതറിയാം. അവർ അതിന്നു തെയ്യാറാണ്. പുരവാസികളായ തങ്ങളുടെ സ്വജനങ്ങളും ഇതിന്നു തെയ്യാറായിരിക്കേണമെന്ന് മാത്രമെ അവർക്കു നിർബ്ബന്ധമുള്ളൂ. നാമെല്ലാം ഒന്നിച്ചു സ്വാതന്ത്ര്യത്തിനുവേണ്ടി മരണഭയമില്ലാതെ യുദ്ധം ചെയ്യുകയാണെന്നും അവർ അറിയേണമെന്നാണ് സൈന്യങ്ങളുടെ ആഗ്രഹം."

—ജനറൽ ഐസ്നോവർ, ഒക്ടോബർ 24-ാം തിയ്യതി ചെയ്ത ആകാശവാണി പ്രസംഗത്തിൽനിന്ന്

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| സ്വാതന്ത്ര്യത്തിനുവേണ്ടി മരിക്ക | 1 | കേരളത്തിലെ കർഷകൻ | 7 |
| സമരഗീതം | 2 | സ്ത്രീകളും യുദ്ധവും | 8 |
| പ്രതിവാരചിന്തകൾ | 3, 4 | യുദ്ധത്തിന്റെ സാമ്പത്തിക മുഖങ്ങൾ | 9, 10 |
| പ്രത്യേകലേഖനങ്ങൾ : റഷ്യ, ശാന്തസമുദ്രരംഗം, കഞ്ചി | 5, 6 | ദുരിതനിവാരണാർത്ഥം | 11 |
| | | ശത്രു ഏജന്റുമാർ | 12 |


# സമരഗീതം

## (തുള്ളൽ)

ദേശിയ സമരന്നിരാ മുന്നണിയെ
വാശിയൊടാശു നിരക്കുക നമ്മൾ.

നാസികൾ ജാപ്പാൻകാരും പിന്നെ
ഫാസികളും ചെന്നിയ്യുലകത്തെ

ക്രസൽവെടിഞ്ഞു തകർത്തുജയിപ്പാൻ
വേഷം കെട്ടിയതത്യാശ്ചര്യം !

ബ്രിട്ടൻ കൊളനികളാസ്ത്രേല്യായും
കൂട്ടിനമേരിക്കാ കനഡായും

പെട്ടിട്ടമിന്ത്യയുമൈലണ്ടുകളും
കൂട്ടായരികളെ വെല്ലുവിളിപ്പാൻ.

ഹന്ത ! രിപുക്കളഹങ്കാരത്താൽ
ചിന്തിച്ചില്ലിവയാദ്യത്തിങ്കൽ.

എന്തിനു നിഷ്ഫല ദുർമ്മോഹങ്ങൾ !
പിന്തിരികായിനി നല്ലു രിപുക്കൾ !!

കൈസർക്കപജയമുളവായതുമീ-
കേസരി ബ്രിട്ടനൊടേറ്റതുതന്നെ.

നാസിസമെന്നൊരു പേരും പേറി
ഭാസുരമായൊരു യൂറോപ്പിന്മേൽ

ഹാസ്യരസത്തൊടു കരിതേക്കുന്നൊരു
നാസ്തികനിറ്റ്ലർക്കന്ത്യമടുത്തു !

ഇറ്റലിയെന്തിനു ജർമ്മനുമായി-
ട്ടൊറ്റൊരുമിച്ചു വിപത്തിലിറങ്ങി !

കുറ്റംപറ്റിയതിൻ ഫലമായി
മുറ്റും കൊളനികൾ നഷ്ടമതായി.

ഫാസിസ ഭരണം പോയ്പ്പോയധുനാ
നാസിസ ഭരണത്തിന്നിരയായി.

മുസ്സോലിനിയാം ഡിക്റ്റേറ്ററുമതി-
നിസ്സാരത്തിലിരിക്കാറായി.

പോരാ ! ധീരത പോരാഞ്ഞിട്ടോ
പാരം ദൂരം പാറി മറഞ്ഞു !!

നേരെ സ്ഥാനത്യാഗമറസ്റ്റും
പോരായ്മയുമുളവായതു മൂലം

ഭാവിഭയന്നൊരു കെ-ഡി-സമാനം
ഭാവം മാറിയൊളിച്ചു വിദേശേ !

തോൽവിയണഞ്ഞ ദശായാം കൈസരു-
മേവമൊളിച്ചതു മോർക്കുന്നില്ലേ !

അപ്പുറമെന്തു വിപത്തുകൾ വരുമതു-
മല്പംപോലും ചൊൽവാൻ വഹിയാ.

വഞ്ചകനാകിയ ജാപ്പാനെന്തിനു
പുഞ്ചിരികൊള്ളുന്നിതു നില്ക്കട്ടെ !

പക്ഷംവെച്ചു പറക്കും പാറ്റകൾ
പക്ഷേവന്നു ജനത്തെയെതൃത്താൽ

രണ്ടോ നാലോ നിമിഷമനർത്ഥ-
മുണ്ടാക്കാമതിലപ്പുറമില്ല.

തിണ്ണെരിയിച്ചാലുടനാവഹ്നിയി-
ലിയ്യൽ കുലവും വീണു ദഹിക്കും.

അതുപോൽ താവക ചരിതം കഷ്ട-
മതീവ വിനാശമടുത്തു നിനക്കും.

കുട്ടിക്കപിയുടെ കയ്യുകൾകൊണ്ടാ-
ക്കട്ടത്തീ ജർമ്മനി മാന്തിച്ചു !

യൂറോപ്പിൽ സ്ഥിതി ചെയ്യും ഹിറ്റ്ലർ
പാരംതാങ്ങാമെന്നു കഥിച്ചോ !

കഥയില്ലാത്താ കഥനം കേട്ടതു
കഥയില്ലായ്മയതെന്നേവേണ്ടൂ.

വഞ്ചതിയാലെ ലഭിച്ച പ്രദേശം
തഞ്ചംപോലെ മടക്കിയെടുക്കും.

ശങ്കിയ്ക്കേണ്ടതിലപ്പുറവും പുന:
സങ്കലിതക്ക് സുസാദ്ധ്യം പാർത്താൽ.

വക്രന്മതിയാം നാസി പതാകാ
വക്രകുരിശാണെന്നു ധരിക്കൂ.

കൌടില്യത്തിന്നഗ്രതകണ്ടാ-
പട്ടവാം സ്റ്റാലിൻ മൈത്രി വെടിഞ്ഞു.

സന്ധികരാറുകൾ ചീന്തിയെറിഞ്ഞു
ബന്ധംവിട്ടു രണത്തിനിറങ്ങി.

ഭീഷണിയേഷണി വാഗ്ദാനങ്ങൾ
ഘോഷിച്ചീടും ചാരരടുക്കും.

പല പല കുസൃതികളരികൾ ചെയ്തതു
ഫലമില്ലാതെ ഭവിച്ചേ തീരൂ.

ആഗസ്റ്റ് മാസം പതിനഞ്ചാംനാ-
ളാംഗലരാജ്യേ ലണ്ടൻ നഗരേ

സദ്യയൊരുക്കി ഭുജിപ്പാൻ ഹിറ്റ്ലർ
വാദം കെട്ടിയതെന്തായ് തീർന്നു !

കൊച്ചി കൊളമ്പിവ ലക്ഷ്യവുമാക്കി
പുഛരിച്ചാക്രമണത്തിനൊരുങ്ങിയ

ജാപ്പാനെന്തോ കച്ചതു രാജ്യം !
ശാപ്പാടല്ലതു വാരി ഭുജിപ്പാൻ.

നിലവിട്ടൊന്നു കളിച്ചതിനവനും
തലകാക്കാതിനി നിലകിട്ടില്ല.

തന്നെവിഴുങ്ങാനെടവും വലവും
മുന്നിലുമങ്ങിനെ പിൻഭാഗത്തും

വന്നണയുന്ന രിപുക്കളെ നേർക്കാൻ
നന്നേപണി ജാപ്പാനും വന്നു.

ചീനാ റഷ്യയിവർ പൊരുതുന്നതു
നൂനം നമ്മുടെ ശത്രുവൊടത്രെ !

അതിനാൽ നാമവരെക്കഴിയുംവിധ-
മധുനാ താങ്ങണമന്ത്യംവരെയും.

ഭാരതയോഷാവലികൾ കഥിക്കും
ഗീരുകളല്പം കഥനം ചെയ്യാം.

"ഇന്ത്യൻ വനിതകൾ പൈലറ്റായാ-
ലെന്തു് ! വിമാനം ഗതികൊള്ളില്ലല്ല !

മുറിയേറ്റവരെ ശുശ്രൂഷിപ്പാ-
നറിവോ സ്ത്രീകൾക്കേറുമതീവം.

ലോറികൾ, ബസ്സുകൾ, കാറുകളിവയുടെ
സ്റ്റീറിങ്ങിന്നും സാദ്ധ്യമിവർക്ക്

ജോണൊഫാർക്കൊരു വനിതാരത്നം
മാനത്തോടെ രണം ചെയ്തില്ലേ !

അച്യുതഭഗിനി സുഭദ്രയുമൊരുനാ-
ളശ്വത്തേരു തെളിച്ചില്ലല്ലീ !

ചന്ദാബീബിയുമായുധമേന്തി-
ട്ടൊന്നായരികളെയോടിച്ചില്ലേ !

വിക്ടോറിയയാം റാണി സുദീർഘം
കോട്ടംകൂടാതവനി ഭരിച്ചു.

ചീനാധിപനാം കൈഷാക്കിന്നുടെ
മാനിനി മേഡം കൈഷാക്കധുനാ

യുദ്ധകാര്യാലോചന ചെയ്യാ-
നിന്ത്യാസന്ദർശിച്ചു മടങ്ങി."

ധർമ്മമധർമ്മത്തോടടർചെയ്യും
മർമ്മം നോക്കിയൊടുക്കും രിപുവെ.

ധാർമ്മികരാകും ബ്രിട്ടൻ പ്രഭൃതികൾ
സമ്മേളിച്ചു രണം ചെയ്യുടനെ

വിജിഗീഷുക്കളതായിലസിപ്പാ-
നോജസ്സീശ്വരനരുളീടട്ടെ !

---

# റഷ്യാ-ജർമ്മൻ യുദ്ധം

## 216-ാമത്തെ ആഴ്ച


## 1941 ജൂൺ 22-ാം തിയ്യതി ആരംഭിച്ച

# പ്രതിവാരചിന്തകൾ

ഇററലിയിൽ യുദ്ധം നീണ്ടുപോകുന്നു. ഐക്യകക്ഷി സൈന്യങ്ങൾ അവിടെ ചെന്നിറങ്ങിയ ഉടനെ ഉണ്ടായ പുരോഗതി ഇപ്പോൾ കാണ്മാനില്ല. വോൾട്ടൂർണോ നദികടന്നാൽ റോമിലേക്കു അധികം വഴിയില്ല; റോം ഇററലിയുടെ തലസ്ഥാന നഗരിയാണ്; തലസ്ഥാന നഗരി പിടിച്ചു കഴിഞ്ഞാൽ ഇററലി പിടിച്ചപോലെയായി; എന്നും മററും ആദ്യം കേട്ടിരുന്നു. വോൾട്ടൂർണോ നദി കടന്നു കഴിഞ്ഞു. ഇനിയും റോമിൽ എത്തീട്ടില്ലല്ലോ; എന്നാണ് അനവധി അക്ഷമന്മാരുടെ വിചാരം. ഈ ക്ഷമകേടു കൊണ്ടൊന്നും യാതൊരു കാര്യവുമില്ല. നൊമ്മളൊക്കെ വനവാസത്തിന്നു പുറപ്പെട്ട സീതാദേവിയെപ്പോലെയാണ്.

> "സദ്യഃപുരീ പരിസരേപ്പുശിരീഷമൃദ്വീ
> സീതാജവാൽ ത്രിചതുരാണി പദാനിഗത്വാ
> ഗന്തവ്യമദ്യകിയതീത്യസകൃൽ ബ്രുവാണാ
> രാമാശ്രുണാഃ കൃതവതീപ്രഥമാവതാരം."

തോൽപെട്ടിയെടുത്തു കയ്യിൽ തൂക്കി, രാമൻ ഇറങ്ങുന്നതിന്നു മുമ്പ് പുറത്തേക്കിറങ്ങിയ സീത മൂന്നു നാലടി നടന്നതിന്നു ശേഷം ഇനി ഇവിടുന്ന് കാട്ടിലേക്കെത്രയുണ്ടെന്നു ചോദിച്ചുവത്രെ. അപ്പോഴെക്കും ആയമ്മക്കു ക്ഷീണിച്ച് വിയർത്തു കുളിച്ചു. അങ്ങിനെയുള്ള സ്ത്രീയാണ് കാട്ടിൽ പതിനാലു സംവത്സരം താമസിക്കുവാനൊരുങ്ങി പുറപ്പെട്ടിരിക്കുന്നതു്! ഇതുപോലെയാണ് യുദ്ധം അവസാനിക്കാൻ ബദ്ധപ്പാടായ നൊമ്മളുടെ ബുദ്ധിയും. വോൾട്ടൂർണോ നദി കടന്നാൽ റോം അടുത്തായിയെങ്കിലും അവിടുന്നങ്ങോട്ടു റോമിലേക്കുള്ള വഴി ഒന്നാന്തരം മലയാണ്.



ഇംഗ്ലണ്ടിൽ അഭ്യസ്തപരിശീലനത്തിന്നു പോയ ഇന്ത്യൻ വിമാനസൈന്യ ഉദ്യോഗസ്ഥന്മാർ. ഇതിൽ മലയാളികളും ഉണ്ടു്.

അമേരിക്കയിലെ വലിയ ഒരു ഭരണാധികാരി യുദ്ധരംഗത്തിൽ പോയി മടങ്ങിവന്നു പറഞ്ഞ വർത്തമാനം കടലാസ്സിലുണ്ടു്. അസാദ്ധ്യ മലംപ്രദേശമാണ് ഇനിയങ്ങോട്ടുള്ളതു്. നമ്മുടെ സൈന്യത്തിന്നു റോമിലെത്തുവാൻ ചില്ലറ പണിയല്ലെന്നാണ് അദ്ദേഹം പറയുയുന്നതു്. എന്നാലും ഐക്യകക്ഷികളുടെ അഞ്ചാം സൈന്യവും എട്ടാം സൈന്യവും ഇന്നു് മുന്നോട്ടുവെച്ചടി പിന്നോക്കം വലിക്കുന്നില്ല. ജർമ്മൻസൈന്യമാകട്ടെ, പിന്നോക്കം ഒഴിക്കുവാനുള്ള ഒരുക്കമാണ്.

ഇററലിയുടെ തലസ്ഥാനനഗരിയായ റോമിന്നു് ഇത്രയൊക്ക ആപത്താണെങ്കിലും, ഒക്ടോബർ 28-ാം തിയ്യതി മുസ്സോളിനി റോമിൽ വെച്ച് ആയാളുടെ ഫാസിസ്റ്റ് കക്ഷിയുടെ ഉത്ഭവത്തിൻെറ ഇരിപത്തൊന്നാം വാൎഷികയോഗഃ കൊണ്ടാടുന്നുണ്ടത്രെ. കല്യാണത്തിന്നൊരുക്കിയതു കൊണ്ടു് പിണ്ഡസ്സദ്യ കഴിക്കേണ്ടിവരുമൊ എന്നാണ് സംശയം. ഐക്യകക്ഷിസൈന്യങ്ങൾ അത്രക്കു അടുത്തെത്തീട്ടുണ്ടു്.

## ജാപ്പാൻ

ഇററലിയിലെ സ്ഥിതി ഇങ്ങിനെയാണെങ്കിൽ, ശാന്തസമുദ്രരംഗത്തിലെ സ്ഥിതിയും ഇതിൽ ഒട്ടും മോശമല്ല. തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രരംഗത്തിൽ ഐക്യകക്ഷികളുടെ ഒരു വലിയ കടൽ സൈന്യ ഉദ്യോഗസ്ഥൻ ഈ കാര്യത്തെപ്പററി വിശദമായി പ്രസ്താവിച്ചിട്ടുണ്ടു്. നാം ഇനിയും നമ്മുടെ ശത്രുവായ ജാപ്പാനെ ഒന്നു് മാന്തുകയും കൂടി ചെയ്യീട്ടില്ല; നാം അടുത്തു ചെല്ലുംതോറും ശത്രുവിന്നു കരുത്തു കൂടുകയാണ്; ജാപ്പാൻ ഈ പ്രദേശത്തു

വളരെ അധികം ഉള്ളിലോട്ടു കയറിയിരിക്കുന്നു; ഇവിടെനിന്നു അവരെ പിന്നോക്കം തള്ളുവാൻ ചില്ലറ പണിയല്ലാ; എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. ശാന്തസമുദ്രരംഗത്തിൽ ജാപ്പാനെ ഒതുക്കുവാനുള്ള പ്രവൎത്തി ചില്ലറയായിട്ടാരും കരുതിട്ടില്ല. മൂന്നുനാലു ദിക്കുകളിൽ നിന്നാണു് ജാപ്പാന്റെ നേരെയുള്ളാക്രമണത്തിന്നൊരുക്കം ചെയ്യുവരുന്നതു്. തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രരംഗം; തെക്കു കിഴക്കൻ ശാന്തസമുദ്രരംഗം; ഇന്ത്യ; ചൈന; ഇങ്ങിനെ നാലു ദിക്കുകളിൽനിന്നു ഒരുപോലെ ജാപ്പാന്റെ നേരെയടിക്കും. ഇതിന്നുള്ള ഒരുക്കങ്ങൾ ക്രമേണ പൂൎത്തിയായിവരുന്നുണ്ടു്.

## ജൎമ്മനി

ജൎമ്മനിയുടെ നേരെ ഐക്യകക്ഷികൾ 1944 ന്റെ ആരംഭത്തോടുകൂടി ഒരു രണ്ടാം യുദ്ധരംഗം ആരംഭിക്കുമെന്നും അപ്പോഴേക്കും ഇററലിയിലെ കാൎയ്യങ്ങൾ അവസാനിപ്പിക്കുമെന്നും അടുത്തൊരവസരത്തിൽ സൌത്താഫ്രിക്കയിലെ പ്രധാനമന്ത്രി ഫീൽഡ്മാർഷൽ സ്മട്ട്സ് പ്രസ്താവിക്കുകയുണ്ടായി. ഓണത്തിന്നു് വെട്ടുവാൻ പാകത്തിൽ ഉണ്ടാക്കിയ നേന്ത്രക്കായ മിഥുന മാസത്തിൽ വെട്ടേണമെന്നു് കുട്ടികൾ ശാഠ്യം പിടിച്ചാൽ അമ്മാമ അതിന്നു സമ്മതിക്കുമോ? ഐക്യകക്ഷികൾ ഒരു പ്ലാൻ അനുസരിച്ചാണു് യുദ്ധം നടത്തുന്നതു്. ന്യായമായ ഒരു പ്ലാൻപ്രകാരമല്ലെങ്കിൽ ഇന്നു അവരുടെ സ്ഥിതിയെന്തായിരുന്നു! ലോകം മുഴുവൻ വിഴുങ്ങുവാൻ വായ തുറന്നുവന്ന ജൎമ്മൻ പിശാചിന്റെ അണ്ണാക്കിലോട്ടു ഒന്നാന്തരം ചുട്ടു പഴുത്ത റഷ്യൻ മഴു ഇറക്കികൊടുത്തു് ഇരിപ്പൊരിസഞ്ചാരം കൊള്ളിച്ചു് ഇപ്പോൾ മരണഗോഷ്ഠി കാട്ടുവാൻ തുടങ്ങിയ ജൎമ്മനിയെ പ്രഹരിക്കാൻ തുടങ്ങിയിരിക്കുന്ന ഐക്യകക്ഷി നേതാക്കന്മാരെയല്ലെ നമസ്കരിക്കേണ്ടതു്! ഇല്ല, വളരെ താമസമില്ല; സഹസ്രനാമം ജപിക്കാനുള്ള വാദ്ധ്യാക്കു ആളു് പോയിരിക്കുന്നു.

## മലബാർ

മേൽപറഞ്ഞ സംഗതികളെക്കൊണ്ടു് യുദ്ധത്തിന്റെ ഗതിയെപ്പററി ആരും പരിഭ്രമിക്കേണ്ടാ. യാതൊരു രംഗത്തിലും യുദ്ധം വേഗം അവസാനിക്കാനുള്ള വഴിയൊന്നുമില്ല. എങ്ങിനെ അവസാനിക്കും? ഐക്യകക്ഷികൾ ലോകത്തിൽ ദുഷ്ടന്മാരുടെ ധ്വംസനം നിൎത്തേണമെന്നുദ്ദേശിച്ചല്ലെ യുദ്ധത്തിന്നു് പുറപ്പെട്ടതു്? അതു നിൎത്തുവാൻ സാധിക്കുന്നതുവരെ യുദ്ധം നടക്കാതെ കഴിയുമോ? അതിനാൽ അതു നടന്നുകൊള്ളട്ടെ. നൊമ്മളാൽ അതിനെ നിയന്ത്രിക്കുവാൻ സാദ്ധ്യമല്ല. നാം കാലതാമസംകൂടാതെ ചെയ്യേണ്ടതു് കാലത്തിന്നനുസരിച്ചു ജീവിക്കുവാൻ പഠിക്കുന്നതാണു്. അയ്യോ, ഇങ്ങിനെ വന്നുപോയെല്ലോ എന്നുവെച്ചു മനസ്താപപ്പെട്ടിരിക്കയല്ലാ വേണ്ടതു്. യുദ്ധം വലുതായ ഒരു പാലാഴി മഥനമാണു്. ഈ മഥനമദ്ധ്യത്തിൽ മഹത്തായ പലേ സാധനങ്ങളും, കൌസ്തുഭം, കാമധേനു, മുതലായവയെല്ലാം ലഭിക്കുവാനിടയുണ്ടു്. വേണ്ടതു ഒന്നുമാത്രമെയുള്ളു; ദേവകളും അസുരകളും ഇരു കക്ഷികളായിനിന്നു് ചെയ്യുന്ന ഈ മഥനത്തിൽ നാം ദേവകളുടെ കക്ഷിയിൽ ചേരണം. അങ്ങിനെ ചേൎന്നു കഴിഞ്ഞാൽ യുദ്ധാനന്തരമുണ്ടാകുന്ന അമൃതു് നമുക്കു അനുഭവിപ്പാനിടയാകും.

## ദേശീയ സമരനിര

ദേവകളുടെ കക്ഷിയിൽ ചേരുവാനുള്ള മാൎഗ്ഗമെന്താണു്? അങ്ങിനെ ചേൎന്നു കളയാമെന്നു് വിചാരിക്കുന്നവൎക്കു മാൎഗ്ഗം അറിഞ്ഞിരിക്കണ്ടെയെന്നു ചോദിച്ചേക്കാം. അതിന്നുള്ള കൈകാട്ടിയാണു് മലബാറിൽ ദേശീയ സമരനിര പ്രസ്ഥാനം. യുദ്ധകാലത്തു നിങ്ങൾക്കു ഒരു പൌരന്റെ നിലക്കു അറിവാനാവശ്യമുള്ള സൎവ്വ കാൎയ്യത്തിലും ഒരു ന്യായമായ മാൎഗ്ഗദൎശിയാണു് ദേശീയ സമരനിര. യുദ്ധം കഴിഞ്ഞാൽ സമാധാനം പുലൎത്തേണ്ട മാൎഗ്ഗങ്ങളെ ഇപ്പോൾ തന്നെ ആരാഞ്ഞറിവാനുള്ള സ്ഥാപനവും ഇതു തന്നെയാണു്. അതിനാൽ നിങ്ങൾക്കു വേണ്ടതായ സൎവ്വ കാൎയ്യത്തിലും ദേശീയ സമരനിരയെ ആശ്രയിച്ചുകൊൾവിൻ. ഇന്നു് പ്രത്യേകിച്ചും ഈ ആശ്രയം അസ്ഥാനത്താകയില്ല. അങ്ങിനെയുള്ള ഒരു നേതൃത്വത്തിലാണു് മലബാറിൽ ദേശീയ സമരനിര വൎത്തിക്കുന്നതു്.

മാസ്റ്റർ: പാറയെന്നുവെച്ചാലെന്താണു്? നിങ്ങൾ ഒരു പാറ കണ്ടിട്ടുണ്ടോ?

കുട്ടി: പാറയെന്നുവെച്ചാൽ ഹോട്ടലുകളിൽ ചോറിന്റെ ഒന്നിച്ചു വിളമ്പുന്ന സാധനമാണു്. ഇന്നലെ എന്റെ വായിൽ ഒരു പാറപെട്ടു് പല്ലുപോയി.'

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1943 ഒക്ടോബർ 29-ാംനു, വെള്ളിയാഴ്ച


## റഷ്യ

റഷ്യക്കു് ഈയാഴ്ചയിൽ മാറെറാലികൊള്ളുന്ന ഒരു മഹാവിജയമുണ്ടായതു് നീപ്പർപെട്രൊവസ്ക്കു് നഗരി ജർമ്മൻകാരുടെ വക്കൽനിന്നു രണ്ടാമതും പിടിച്ചെടുത്തതാകുന്നു. നീപ്പർ നദിയുടെ പടിഞ്ഞാറെ കരക്കുള്ള ഈ പട്ടണം കയ്യിൽ കിട്ടിയതോടുകൂടി യുക്കറൈൻ പ്രദേശത്തിൻെറ തലസ്ഥാന നഗരിയായ കീവിന്നഭിമുഖമായിട്ടുള്ള പോരിൻെറ ഗതിക്കു് ഉഗ്രം കൂടിയെന്നു് പറയാതെ കഴികയില്ല. യുക്കറൈനിലെ അടിയറവു് ഇന്നത്തെ യുദ്ധഗതി നോക്കിയാലും ന്യായംകൊണ്ടും കീവിൽ വെച്ചുതന്നെവേണം. കല്യാണം പന്തലിൽവെച്ചു വേണമെന്നു് പറയുംപോലെ അടിയറവു് യുദ്ധം തലസ്ഥാന നഗരിയിൽവെച്ചുതന്നെ വേണമെന്നു് തീർച്ചയാക്കിയതു് യുദ്ധത്തിൻെറ കലാശത്തിരിനെ ശരിയായി കുറിക്കുന്നു. നീപ്പർ നദിയുടെ കിഴക്കെ തീരത്തു് രണ്ടാഴ്ചക്കുമുമ്പു് റഷ്യൻസൈന്യം എത്തിയപ്പോൾ തന്നെ ജർമ്മനിയുടെ ബലക്കുറവു് പ്രത്യക്ഷമായി. എന്നാലും ഇവർ നദി കടക്കേണമല്ലോ എന്നായിരുന്നു ജർമ്മൻകാരുടെ ഒടുവിലത്തെ ആശ്വാസജനകമായ സമാധാനം. ഇപ്പോൾ നദി കടന്നു് റഷ്യൻ സൈന്യം പലേടങ്ങളിലും പടിഞ്ഞാറെക്കരയിൽ സങ്കേതങ്ങൾ ഉറപ്പിച്ചുവെന്നു മാത്രമല്ലാ, പ്രധാന ജർമ്മൻ സൈന്യസ്ഥാപനങ്ങളായ രണ്ടുമൂന്നു സ്ഥലങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിരിക്കുന്നു. ഈയാഴ്ച, പിടിച്ചെടുത്ത നിപ്പർപെട്രോവസ്ക്കിന്നു് പുറമെ കഴിഞ്ഞാഴ്ച, സപ്രോഷെ എന്ന മറെറാരു സ്ഥലവും പിടിച്ചിട്ടുണ്ടു്. ഇനി വരുന്നാഴ്ച കീവു് നഗരി പിടിക്കുമോ ഇല്ലയോ എന്നുള്ളതിനെപ്പററി സംശയിപ്പാനില്ല. ഇപ്പോൾതന്നെ അവിടെനിന്നു് ജർമ്മൻകാർ ഒഴിക്കുവാൻ തുടങ്ങിയിരിക്കുന്നു. ഒഴിച്ചുപോകുന്ന ഘട്ടത്തിൽ അവർ അവരുടെ ജാതിക്കു സദൃശമായ മര്യാദ ചെയ്യുന്നുണ്ടു്. രാക്ഷസവർഗ്ഗമല്ലേ ഇതു്? സർവ്വസ്വവും നശിപ്പിക്കുകയല്ലേ ഇവരുടെ മതം? ഇന്നു് കീവ്നഗരിയെ ശ്മശാനസദൃശമാക്കീട്ടുണ്ടെന്നാണു് വർത്തമാനം. ഇത്രത്തോളം നശീകരണവൃത്തിയാചരിച്ചു് പോകുന്നഘട്ടത്തിൽ പടിഞ്ഞാററപുരയുടെ കഴുക്കോലും ഊരിക്കൊണ്ടുപോകുന്ന സമ്പ്രദായം പണ്ടു് നായർ തറവാടുകളിൽ അമ്മായിമാക്കെ കേട്ടിട്ടുള്ളൂ. ഇപ്പോൾ അതു് ജർമ്മൻകാർക്കും ഉണ്ടെന്നുള്ള സംഗതി അനുഭവമായിയെല്ലോ.

യുക്കറൈൻ പ്രദേശം നീപ്പർനദികൊണ്ടു് രണ്ടുഭാഗമാക്കിയിരിക്കയാണെല്ലോ ചെയ്തിരിക്കുന്നതു്. കിഴക്കുഭാഗം മുഴുവൻ വ്യവസായകേന്ദ്രങ്ങളാൽ സമൃദ്ധമായ ഒരു പ്രദേശമാണു്. പടിഞ്ഞാറെ ഭാഗമാണു ധാന്യസമൃദ്ധമായ കൃഷിപ്രദേശം. ഇവിടെയുണ്ടാവുന്ന ഗോതമ്പുകൊണ്ടു് റഷ്യൻ കിടാങ്ങളുടെ പട്ടിണി തീർന്നിരുന്നതു് മുടക്കംചെയ്തു് ആ ഭക്ഷണം ജർമ്മൻ കുട്ടികൾ കഴിച്ചു തടിക്കട്ടെ എന്നായിരുന്നു ഹിററ്ലരുടെ ആഗ്രഹം. നാട്ടിലുള്ള ജനങ്ങളൊക്കെ നശിച്ചു് ഞാനും ഭാര്യ്യയും കുട്ടികളും ഒരു തട്ടാനു മാത്രം ശേഷിക്കേണമെന്നു് മോഹിച്ച കാരണവരുടെ പിന്തുടർച്ചക്കാരനാണു് ഈ ജർമ്മൻെറ കുട്ടി. സ്റ്റാലിനാകട്ടെ, നേരെ വിപരീതം കല്പിച്ചു്, പ്രസ്തുത കല്പനയെ അതാ പദംപ്രതി നിറവേററിക്കൊണ്ടുവരുന്നു. യഥാർത്ഥത്തിൽ ഇന്നത്തെ യുദ്ധഗതി നോക്കിയാൽ യുക്കറൈനിൽ റഷ്യൻ സൈന്യം ഉടനെ കളംമായ്ക്കും. ജർമ്മനിയുടെ രക്ഷാശക്തി നെടുനീളെ കീറിക്കഴിഞ്ഞു. ഇനി തുന്നിയാൽ നില്ക്കുന്നതല്ല.

ജർമ്മനിക്കു ഒരു സൈന്യസങ്കേതവുംകൂടി റഷ്യയിൽ ബാക്കിയുണ്ടു്. അതു് ക്രിമിയായിലാകുന്നു. ഈ സ്ഥാപനത്തിൻെറയും അടിയിളകി ആട്ടം തുടങ്ങി. മെലിട്ടോപോൾ പട്ടണം ഈയാഴ്ചയിൽ റഷ്യൻ സൈന്യം പിടിച്ചടക്കിയതുകൊണ്ടു് ക്രിമിയായിലേക്കു് ജർമ്മൻകാർക്കുള്ള ഗതാഗതം മുഴുവൻ നശിച്ചു. ഈ പ്രദേശത്തിൽനിന്നു് പോകാൻ നിവൃത്തിയില്ലാതെ മദ്ധ്യമത്തിലായിട്ടുള്ള ജർമ്മൻ സൈന്യങ്ങൾക്കു് ക്രിമിയായിൽ കിടന്നുതന്നെ കൃമിയാകാം. ഈവിധം റഷ്യൻ രംഗത്തിൻെറ മദ്ധ്യഖണ്ഡം മുതൽ ഏററവും തെക്കുവരെ ശുദ്ധമണ്ഡലം കണ്ടുതുടങ്ങിയിരിക്കുന്നു. വടക്കെ ഖണ്ഡത്തിൽ വൈററ് റഷ്യൻ പ്രദേശത്തിലും റഷ്യൻ സൈന്യത്തിന്നു് പുരോഗതി തന്നെയാണു്. പക്ഷെ ഏററവും ഉഗ്രമായിട്ടുള്ള യുദ്ധം യൂക്കറൈൻ പ്രദേശത്താണു് ഇപ്പോൾ നടക്കുന്നതു്. യൂക്കറൈൻ പ്രദേശം കയ്യിൽകിട്ടി ആദ്യം കുറച്ചു നല്ലവണ്ണം ഉണ്ണാനുണ്ടാകട്ടെ എന്നായിരിക്കാം സ്റ്റാലിൻെറ ഇപ്പോഴത്തെ യുദ്ധോദ്ദേശം.

## ശാന്തസമുദ്രരംഗം

ശാന്തസമുദ്രത്തിൽ രംഗം പുതുതായി ചമച്ചുവരുന്നു. ഇവിടെ ശത്രുവിൻെറ ശക്തിയെ നല്ലവണ്ണം അറിഞ്ഞിട്ടുതന്നെയാണു് ഐക്യകക്ഷികളുടെ ഒരുക്കങ്ങൾ. ശാന്തസമുദ്രത്തിൽ തെക്കുകിഴക്കൻ ഖണ്ഡത്തിലേക്കു് പുതുതായി വന്നിട്ടുള്ള സൈന്യനായകൻ മൌണ്ട്ബാററൻ പ്രഭു ഡൽഹിയിൽവന്നു കാര്യാലോചനകൾ കഴിച്ചതിന്നുശേഷം ചൈനയിൽ പോയി ചിയാങ്ങ്കീഷേക്കുമായി കൂടിയാലോചനകൾ നടത്തി. തിരിച്ചു ഡൽഹിയിലേക്കു തന്നെ എത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ ഇന്നു ജാപ്പാൻെറ സ്ഥിതി തൂക്കിക്കൊല്ലുവാൻ വിധിച്ച ഒരാളെ തൂക്കുമരത്തിൻെറ മുമ്പിൽ കൊണ്ടുചെന്നിരുത്തിയ പോലെയാണു്. ഐക്യകക്ഷികൾ ജാപ്പാനെ ഉടച്ചു വാർക്കുമെന്നുള്ളതിന്നു് യാതോരു സംശയവും ജാപ്പാന്നു തന്നെയില്ല. യുദ്ധമായാലും സമാധാനമായാലും നാളെയെന്നൊരു കാലാവധി ജാപ്പാന്നു് മര്യാദക്കാരുടെ സമുദായത്തിലില്ലെന്നു് തീർച്ചയായിരിക്കുന്നതിനാൽ മൂപ്പർ ഒടുവിൽ ഒരു കളികളിച്ചിട്ടേ മാറുകയുണ്ടാകയുള്ളൂ. ജാപ്പാനെ ഒരു നിസ്സാരശക്തിയായി കരുതിപോകേണ്ടെന്നും, ഇതേവരെ നടത്തിയ യുദ്ധം കൊണ്ടു് ജാപ്പാൻെറ ഒരു വക്കു് കടിച്ചുവെന്നു് കരുതിപോകരുതെന്നും തെക്കുപടിഞ്ഞാറൻ ശാന്തസമുദ്രരംഗത്തിൽ കടൽസൈന്യനായകനായി പ്രവർത്തിയെടുത്ത ഒരു മാന്യൻ അടുത്തവസരത്തിൽ പറയുകയുണ്ടായി. ഇങ്ങിനെയാണെങ്കിലും ലോകത്തിൽ മഹത്തായ സർവ്വശക്തികളും തന്നോടു ഒരവസരത്തിൽ എതൃക്കുമെന്നുള്ള ബോധം ജാപ്പാൻെറ ഉള്ളിൽ കടന്നുകൂടിയിരിക്കുന്നു. അതുകൊണ്ടാണു് താൻ കീഴടക്കിയ രാജ്യങ്ങൾക്കെല്ലാം സ്വാതന്ത്ര്യം വിളമ്പിവിലക്കുന്നതു്. മലയായിന്നു് സ്വാതന്ത്ര്യം കൊടുത്തുവത്രെ. ബർമ്മക്കും സ്വാതന്ത്ര്യം കൊടുത്തിരിക്കുന്നുവത്രെ. എന്നാൽ ഈവക പിട്ടൊന്നും ആരേയും ഭ്രമിപ്പിക്കുന്നില്ല. താനുണ്ണാത്ത തേവരു് എങ്ങിനെയാണു് വരം കൊടുക്കുക? ജാപ്പാൻെറ മാതൃഭൂമിയിൽതന്നെ, സ്വന്തം തറവാട്ടിൽതന്നെ, സ്വാതന്ത്ര്യമെന്ന ഒരു ശബ്ദം കേൾക്കാനില്ല. പിന്നെയുണ്ടോ മററു രാജ്യങ്ങൾക്കു് സ്വാതന്ത്ര്യം കൊടുപ്പാനുള്ള ആഗ്രഹം ജാപ്പാന്നുണ്ടാകുന്നു?

## കഞ്ഞി

മലബാറിൽ ദാരിദ്ര്യം ബാധിച്ചിരിക്കുന്നുവെന്നു് കേൾക്കുമ്പോൾ ഞെട്ടിപോകുന്നു. വേറെയൊന്നുമല്ല; ദാരിദ്ര്യം ഉണ്ടാകേണമെങ്കിൽ എത്രത്തോളം ഇല്ലായ്മ വരണം ഈ പുണ്യഭൂമിയിലെന്നു് ഓർക്കുമ്പോളാണു് ഞെട്ടുന്നതു്. അന്യദേശക്കാർ ദാരിദ്ര്യമെന്നുപറയുന്ന ജീവിതസ്ഥിതിയുടെ അന്ത്യത്തിയിൽ നമുക്കു് പിന്നേയും സുഭിക്ഷമാണു്. അത്ര താണ നിലയിലാണു് നൊമ്മെ പൂർവ്വികന്മാർ വളർത്തിക്കൊണ്ടുവന്നതു്. രണ്ടുനേരം സാമ്പാറും മററുംകൂട്ടി മൃഷ്ടാന്നഭോജനംകഴിച്ചു, കുംഭയും മുന്നോട്ടുതള്ളിച്ചു നടക്കാൻ സദ്ധ്യമല്ലാതെ കമച്ചു്കമച്ചു്കൊണ്ടു് അന്യദേശക്കാർ ജീവിച്ചുകൊണ്ടുവരുമ്പോൾ, കേരളസന്താനങ്ങൾ നാഴിയരിയിട്ടു് കഞ്ഞിവെച്ചു് മാങ്ങാസമ്മന്തിയും കൂട്ടികുടിച്ചു് ആരോഗ്യസൌന്ദര്യത്തോടുകൂടി നടക്കുന്ന കാഴ്ച, ഏതൊരു കാണിയുടെ മുഖത്താണു് ആനന്ദഭാരം കൊണ്ടു് മന്ദഹാസം ജനിപ്പിക്കാതിരിക്കുക! അങ്ങിനെ എത്രയൊ താണ നിലയിൽ ജീവിക്കുന്ന യതിസമൂഹത്തിന്നു് ദാരിദ്ര്യം വന്നുവെന്നു് പറയേണമെങ്കിൽ ഈ കഞ്ഞിയും ഇല്ലെന്നു വരുമ്പോളല്ലെ വേണ്ടു? ഒരിക്കലും കേരളഭൂമിദേവി തൻെറ സന്താനങ്ങളെ ഇത്രത്തോളം അലട്ടുകയില്ല. കേരളഭൂമിക്കു് ഇത്രത്തോളം വിളയില്ലാതെ വന്നിട്ടില്ല. അതിനാൽ മേൽവിവരിച്ച വിധം ഒരു ദു:ഘട്ടം കേരളത്തിൽ വന്നുചേർന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അതു് സമുദായത്തിൽ ചിലരുടെ സാമ്പത്തികമായ ദുർന്നടവടികളെക്കൊണ്ടു വന്നുചേർന്നിട്ടുള്ളതാണു്. ദേശീയ സമരനിര ഈ കാര്യത്തിൽ നിശ്ശൃംഖലമായ ദൃഷ്ടി പതിപ്പിക്കുന്നതായിരിക്കും. ഏതു് സമൃദ്ധിയിലും കഞ്ഞികൊണ്ടു് മൃഷ്ടാന്നഭോജന സന്തുഷ്ടി അടയുന്ന സമുദായമാണു് നമ്മുടേതു്. കഞ്ഞി വെറും ദരിദ്രൻെറ ഭക്ഷണനിവൃത്തിമാർഗ്ഗം മാത്രമല്ല കേരളത്തിൽ. രോഗിക്കു അതമൃതാണു്; ക്ഷീണന്നു തേജസ്സാണു്; സുഖിക്കാനന്ദസാഗരമാണു്; കാമുകന്നു് കഞ്ഞി, ഉദ്ദണ്ഡശാസ്ത്രികൾ പറഞ്ഞപോലെ, ഒരു സുന്ദരീരത്നമാണു്.

"അംഗജതാപനിഹന്ത്രീ
. . . . . . . .
. . . . . . .
ശ്രാണാശോണാധരീവരമണീയാ."

യഥാർത്ഥത്തിൽ കഞ്ഞി കേരളത്തിൽ ഒന്നാന്തരം ഒരു ലളിതകലയാണു്.

# കേരളത്തിലെ കർഷകൻ

## കൃഷി ഈ കർമ്മഭൂമിയിൽ പ്രധാനമാണ്

(വള്ളത്തോളിന്റെ ഒരു പ്രസംഗത്തിൽനിന്നു്)

“എന്നാൽ, മേലിലും പിച്ചപ്പാത്രമെടുക്കാൻ നമ്മുടെ കൈകൾക്കു യോഗം വരരുത്: നാട്ടുകാരെ കൃഷിയിലും നൂൽനൂല്പിലും കൂടുതൽ തല്പരരാക്കിത്തീർക്കുകയും, സർവ്വാത്മനാ സഹായിക്കുകയും ചെയ്യണം. ആഹാരത്തിന്നു ധാന്യവും ആച്ഛാദനത്തിന്നു വസ്ത്രവും ദ്വീപാന്തരങ്ങളിൽനിന്നു വന്നുചേരണമെന്ന പരാധീനതയുടെ ഫലം നാം ഇതാ, അധികമധികം അനുഭവിയ്ക്കുന്നു. “നീ നിന്റെ വിയർപ്പുതുള്ളികൾകൊണ്ടു നിനക്കു വേണ്ടുന്ന ആഹാരം ശേഖരിയ്ക്കുക” എന്ന വേദ (ബൈബിൾ)വാക്യത്തെ അനുഷ്ഠാനം കൊണ്ടാരാധിപ്പാൻ ഇനിയും അമാന്തിച്ചുകൂടാ. നമ്മുടെ നാട്ടിൽ വിളവിറക്കാവുന്ന തരിശു നിലങ്ങൾ വളരെ കിടപ്പുണ്ട്; രത്നഗർഭയായ ഭൂദേവി, തന്റെ രത്നങ്ങളെ മനുഷ്യർക്കു നല്കാൻ അവരുടെ പ്രയത്നത്തെ കാത്തിരിക്കുന്നു. കൃഷിയും ഗോരക്ഷയും വാണിജ്യവുമാണ് ഈ കർമ്മഭൂമിയിൽ പ്രധാനമെന്ന വ്യാസോപദേശം ഗുമസ്ഥന്മാരെ വാർത്തുവിടുന്ന നവീന വിദ്യാഭ്യാസത്താൽ വിസ്മൃതമാക്കപ്പെട്ടതിനാലല്ലെ, നമ്മുടെ രാജ്യം സമ്പൽഭ്രഷ്ടമായിത്തീർന്നതു്.

**അധികമായി ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുവിൻ**

എനിയ്ക്കു പന്തിരണ്ടു-പതിമൂന്നു വയസ്സു ചെന്ന കാലത്തു്, ഒരു പൂർവ്വാഹ്നത്തിൽ, എന്റെ വീട്ടിൽ തെക്കിനിയിൽ, ഏതാണ്ടു വൃദ്ധനായ ഒരതിഥി കഞ്ഞി കുടിക്കാൻ ചമ്രം പടിഞ്ഞിരിക്കുന്നതു കണ്ടു. കറുത്തുതടിച്ചു കുറുതായി, ഗണപതിയുടെ ശിലാവിഗ്രഹംപോലെയുള്ള ആ സ്വരൂപത്തിന്റെ പ്രാതൽ ഗണപതിയുടേതുപോലെതന്നെ ഗംഭീരമായിരുന്നു: ഉഴക്കിൽപ്പുറം നെയ്യ്, ഒരു വമ്പിച്ച കിണ്ണം നിറയെ നെടിയരിക്കഞ്ഞി, ഒരു കുട്ടിക്കുന്നോളം കൂട്ടാൻ—‘ഇതാരാണമ്മേ?’ എന്നു ഞാൻ അമ്മയോടു സകൌതുകം ചോദിച്ചു. അദ്ദേഹം നിരന്തരമായി നെൽകൃഷി നടത്തുന്ന ഒരു തറവാട്ടുകാരനായിരുന്നു: പണിക്കാരോടൊപ്പം നിന്നു കിളക്കും, കന്നു പൂട്ടും. അങ്ങനെ ഒരു പന്തീരാണ്ടു കൊണ്ടു ഒരു ലക്ഷത്തോളം ഉറുപ്പികയുടെ സ്വത്തും, വാർദ്ധക്യത്തെ കൂസാത്ത അരോഗദൃഢമായ ശരീരവും, പാവങ്ങളായ കൃഷീവലരെ പാലിച്ചുപോരുന്നതിന്റെ പുണ്യവും സമ്പാദിച്ചു. മുറുക്കും മററും ഇല്ലായ്കയാൽ വെളുപ്പു മങ്ങാതിരുന്ന പല്ലുകളോടുകൂടിയ ആ നിഷ്കളങ്കൻ ചിരിച്ചപ്പോൾ, ഒരു കരിമ്പൂച്ച തേങ്ങാപ്പൂൾ കടിച്ചുപിടിച്ചതിന്റെ ഛായ എന്റെ ബാലമനസ്സിൽ തോന്നിയതു് ഇന്നും ഞാൻ ഓർക്കുന്നു. പറയത്തക്ക പഠിപ്പൊന്നും ആ ‘നാട’ന്നുണ്ടായിരുന്നില്ല; എന്നാൽ തികച്ചും വെളുത്തതായിരുന്നു, ആ കറുത്ത ദേഹത്തിന്റെ ജീവിതം!

“പിന്നീടു് നാല്പതോളം വർഷങ്ങൾക്കുശേഷം, തിരുവിതാംകൂറിൽ സഞ്ചരിക്കുകയായിരുന്ന ഞാൻ ഒരു മദ്ധ്യാഹ്നത്തിൽ ഭക്ഷണം തേടി നാട്ടുപുറത്തു് ഒരു വീട്ടിൽ ചെന്നുകേറി. അതിന്റെ ഉടമസ്ഥൻ നവീനവിദ്യാസമ്പന്നനെങ്കിലും, സർക്കാരുദ്യോഗം തേടാതെ കൃഷിയിൽ വ്യാപരിക്കുന്ന ഒരു യുവാവായിരുന്നു. ഗൃഹത്തിന്നൊട്ടകലെ, ഗൃഹംപോലെതന്നെ ശുചിയാക്കപ്പെട്ടിരുന്ന നെടുംതൊഴുത്തിൽ തടിച്ചുകൊഴുത്ത പലതരം എരുകാളകളും, കുടത്തിനൊത്ത അകിടുള്ള കറവുപൈക്കളും നിരന്നുനില്ക്കുന്നു; അവ ആ ഉച്ചക്കു കിട്ടിയ വിശ്രമസുഖത്തെ അഭിനന്ദിച്ചിട്ടെന്നപോലെ തലകുലുക്കിക്കൊണ്ടു പച്ചപ്പുല്ലു തിന്നുകയാണ്; അവയുടെ കഴുത്തിലണിഞ്ഞ കുടമണിമാലകളുടെ കളകോമളമായ കിലുക്കം കേട്ടാൽ, കൃഷിദേവത താൻതന്നെ ആനന്ദഗാനം പാടുകയാണെന്നു തോന്നിപ്പോകും. എന്തിനേറെ, ഭാഗവതപുരാണത്തിന്റെ ദശമസ്കന്ധത്തിൽ വായിക്കപ്പെട്ട ആ പരിപാവനമായ ഗോകുലം അന്ന് കൺമുമ്പിൽ ആവിർഭവിച്ചു്, എന്നെ മുത്താഴത്തിന്നു മുമ്പുതന്നെ പരിതൃപ്തനാക്കിത്തീർത്തു!

“ഇത്തരം കൃഷിവ്യവസായികളുടെ എണ്ണം കേരളത്തിൽ ഉടനടി വർദ്ധിക്കേണ്ടിയിരിക്കുന്നു; അവർക്കു കൃഷിപ്പണിക്കു പാടങ്ങളും പറമ്പുകളും വിട്ടുകൊടുക്കുന്നതിൽ നമ്മുടെ ജന്മിമാർ ദയചെയ്യുകയും വേണ്ടിയിരിക്കുന്നു.”

(മാതൃഭൂമി)



മദിരാശി ഗവർമ്മേണ്ട് ഹൌസ് തോട്ടം.

# സ്ത്രീകളും യുദ്ധവും

വളരെ പുരാതനങ്ങളായ സമുദായാദർശങ്ങളെല്ലാം മുൻനിർത്തികൊണ്ടു മേലാൽ ജീവിക്കാൻ സാധിക്കയില്ലെന്നുള്ള സംഗതി ഇനിയെങ്കിലും നമുക്കു മനസ്സിലായിക്കൊള്ളട്ടെ. ലോകഗതി അത്രത്തോളം വ്യത്യാസപ്പെട്ടു കഴിഞ്ഞു. ശ്രീരാമൻെറ കാലത്തു അങ്ങിനെയായിരുന്നു; ശ്രീകൃഷ്ണൻെറ കാലത്തു ഇങ്ങിനെയായിരുന്നു, എന്നുള്ള ഉദാഹരണങ്ങളൊന്നും പറഞ്ഞിട്ടോ, ശ്ലോകം ചൊല്ലീട്ടോ, ഇനി യാതൊരു ഗതിയുമില്ല. ലോകത്തിൽ പട്ടിണികൂടാതെ ജീവിക്കണമെങ്കിൽ, മനുഷ്യത്വത്തോടുകൂടി കാലം കഴിക്കേണമെങ്കിൽ, കൂട്ടരെ, പഴയ പൊന്നാരങ്ങളൊക്കെ വിട്ടേക്കിൻ. മനുഷ്യസമുദായം ക്രമേണ വളർന്നു വരുന്ന ഒരു വ്യക്തിയാണ്. അച്ഛൻ എനിക്കു കുട്ടിക്കാലത്തു ഉന്നിച്ചു തന്ന കുപ്പായമാണിതെന്നു പറഞ്ഞു ഒരാൾ ഐ. സി. എസ്. പാസ്സായി കലക്ടർ സായ്പായാലും കുട്ടിക്കാലത്തെ കുപ്പായം ഇടാറില്ല. കാലദേശാവസ്ഥകളും നയങ്ങളും അറിഞ്ഞു ജീവിക്കാനറിയുന്നവനെ ഇനി ജീവിച്ചിരുന്നിട്ടു കാര്യമുള്ളൂ. മറവുള്ളവർ ചത്തോട്ടെ.

സ്ത്രീകൾ അബലകളാണ് എന്നു നാം ഒരുകാലത്തു വിചാരിച്ചിരുന്നു. അക്കാലത്തു അവർ അബലകൾ തന്നെയായിരുന്നു. ഇതു അവർക്കു സ്വതസ്സിദ്ധമായ ഒരു സ്വഭാവമല്ല. അന്നു മനുഷ്യന്നു ലോകത്തിൽ നേരിടേണ്ട ശത്രുക്കളെ അപേക്ഷിച്ചു അവർ അബലകളായിരുന്നു. അന്നത്തെ ശത്രുക്കളോടു നേരിടുവാനുള്ള ശക്തിയും ബാഹുബലവും ഭീമപരാക്രമവുമുള്ള ഭീമസേനന്മാരാക്കെ ഉണ്ടായിരുന്നുള്ളൂ. ഈ സംഗതികൊണ്ടാണ് സ്ത്രീകൾ അബലകളാണെന്നു അന്നു പറഞ്ഞിരുന്നതു്. ഇന്നു ശത്രുക്കളെ നേരിടുന്ന കാര്യത്തിൽ ബാഹുബലത്തിന്നു സ്ഥാനം എവിടെ? ഒന്നാന്തരം തോക്കും, വേണ്ടുന്നതെരയും ഉണ്ടെങ്കിൽ ശത്രുക്കളെ നേരിടാൻ ഒരു പുരുഷന്നു സാധിക്കുന്നപോലെ ഒരു സ്ത്രീക്കും സാധിക്കുന്നതല്ലെ? ശാസ്ത്രപരിജ്ഞാനത്തിലും യന്ത്രപരിജ്ഞാനത്തിലും സമുദായം ഊഹിക്കപോലും വയ്യാത്തതായ പുരോഗതിയെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ശത്രുവിനോടു നേരിടുന്ന കാര്യത്തിലെന്നല്ല, മറേറതു കാര്യത്തിലും സ്ത്രീക്കു പുരുഷന്നുള്ള സാമർത്ഥ്യവും, പ്രാപ്തിയും ഉപയോഗിക്കാമെന്നുള്ള സ്ഥിതിയും വന്നുകഴിഞ്ഞിരിക്കുന്നു.

അന്നും ഇന്നും ഉള്ള ജീവിതോദ്ദേശത്തിന്നും വ്യത്യാസം വന്നുകഴിഞ്ഞിട്ടുണ്ട്. അന്നു മനുഷ്യൻ വളരെ ക്ലേശിച്ചു ജീവിത ലക്ഷ്യമായി കരുതിയിരുന്നതു് മോക്ഷമായിരുന്നു. ഇന്നുണ്ടോ മനുഷ്യന്നു മോക്ഷത്തിന്നും മററും മോഹം? ചത്തുപോയതിന്നുശേഷം കല്ലായിട്ടോ, മണ്ണായിട്ടോ, മററെന്തായിട്ടോ ജനിച്ചാലെന്താണ്? ഇന്നു ജീവിച്ചിരിക്കുന്നകാലത്തു യാതൊരു ക്ലേശവും കൂടാതെ ജീവിച്ചിരിക്കേണമെന്നല്ലാതെ, മരണശേഷം ഉണ്ടായേക്കാമെന്നു പറയുന്ന പദവിയിൽ ആർക്കാണ് ആശ? ഇന്നത്തെ ദുഃഖത്തിൽ മനസ്സിനെ ആശ്വസിപ്പിച്ചു നാളെത്തെ മോക്ഷപദവിയിൽ ലയിപ്പിക്കുന്ന മനസ്സു ഒരു അസാധാരണ മനസ്സാണ്. എത്രതന്നെ യോഗ്യത ഇത്തരത്തിലുള്ള മനസ്സിന്നുണ്ടായേക്കാമെങ്കിലും, ഇന്നുള്ള മനുഷ്യവർഗ്ഗത്തിൽ ഇത്തരക്കാർ ഇല്ലെന്നു തന്നെ പറയാം. ഉണ്ടെങ്കിൽ അവർ കുതിരവട്ടത്തോ കിൽപ്പാക്കിലോ ഉള്ളവരായിരിക്കും.

സ്ത്രീയെ പുരുഷൻെറ സ്വകാര്യ സ്വത്തായി കരുതി, അവൻെറ ശുശ്രൂഷക്കും സുഖത്തിന്നും ജീവിതം അർപ്പിച്ചുകൊണ്ടുള്ള സമുദായ നടവടി ഇതുവരെ കഷ്ടിച്ചു നടന്നുപോന്നുവെങ്കിലും ഇനിമേലിൽ നടക്കുമെന്നു ആരും കരുതണ്ടാ. ഇതു് പുരുഷൻ ഇതുവരെ പ്രയോഗിച്ചുവന്ന ഒരു പിട്ടാണെന്നു് സ്ത്രീകൾ മനസ്സിലാക്കികഴിഞ്ഞു. പുരുഷൻ അനുഭവിക്കുന്ന സ്വാതന്ത്ര്യവും സുഖവും പദവിയുമെല്ലാം സ്ത്രീക്കും അനുഭവിക്കേണമെന്നുള്ള ആശയും വളർന്നു വരുന്നു. പോരെങ്കിൽ, തന്നെത്താൻ ഭരിക്കാൻ തന്നെ പ്രാപ്തി പുരുഷന്നില്ലെന്നു ഇപ്പോൾ വന്നിരിക്കെ, ഒരു സ്ത്രീയെയും താൻ ഭരിച്ചുകളയാമെന്നു പറഞ്ഞു വേഷംകെട്ടി ചമയുന്ന പുരുഷനെക്കാൾ വിഡ്ഢിയായി വേറെ വല്ലവരുമുണ്ടോ? ഏറും മൊകരും ഒത്തുവെന്നു പറയുംപോലെ, പുരുഷന്നു അന്യജീവരക്ഷക്കുള്ള നിവൃത്തി കുറഞ്ഞുവരികയും ചെയ്തു, സ്ത്രീകൾക്കു സ്വാതന്ത്ര്യത്തോടുകൂടി ജീവിച്ചാൽ കൊള്ളാമെന്നുള്ള മോഹവും ഉളവായി. ഇനിയെന്തിനാണ് അങ്ങിനെ പാടില്ലെന്നു് നാം ശഠിച്ചു നില്ക്കുന്നതു്? ലോകഗതി, പുരുഷൻെറ സ്ഥിതി, സ്ത്രീകളുടെ മതി, ഇതെല്ലാം സ്ത്രീകൾക്കു ഒരു പുതിയ സ്ഥാനം നൽകേണ്ടതിന്നനുസരിച്ചവയാണ്. വേഗം അങ്ങിനെയായിക്കൊള്ളട്ടെ.

ഈ ഘട്ടത്തിൽ യുദ്ധവും വന്നുചേർന്നതു എത്ര നന്നായി എന്നോ? യുദ്ധം ദുഃഖത്തിന്നിടയാക്കുന്ന ഒരു പ്രകൃതിക്ഷോഭമാണെങ്കിലും, മനുഷ്യൻെറ സർവ്വ ചിന്തകളെയും അടിച്ചുടച്ചു വാർക്കുന്ന ഒരു സംഭവമാണ്. മനുഷ്യസമുദായത്തിൻെറ കേടുകൾ മുഴുവൻ തീർത്തു പത്തരമാററുള്ള തങ്കത്തെപോലെ പരിശുദ്ധമായി നവീകരണം ചെയ്വാൻ സാധിക്കുന്ന ഒരു ബഡവാഗ്നിയാണ്. മുമ്പു മനുഷ്യന്നു ചെയ്വാൻ അസാദ്ധ്യമായിരുന്നവയും, സമുദായം അനുവദിക്കാതിരുന്നവയുമായ പല കാര്യങ്ങളും ഇന്നു നടത്തുവാൻ സാധിക്കുകയും ചെയ്യും. ഈ സന്ദർഭം പാഴാക്കികളയണ്ടാ. നൊമ്മെ നന്നാക്കിതീർപ്പാൻവേണ്ടി ഒരു യുദ്ധം എന്നും ഉണ്ടാക്കാൻ നിവൃത്തിയില്ല.

യുദ്ധത്തിൽ പുരുഷധർമ്മമാണ് ആയുധമെടുക്കേണമെന്നുള്ളതു്. പണ്ടു് ഇതു് ക്ഷത്രിയൻെറ ജോലിയായിരുന്നു, എന്നു പറഞ്ഞു് ഇപ്പോൾ മിണ്ടാതിരിക്കുന്നപക്ഷം ബോംബു വന്നുവീണു് കുട്ടികളും കുഡുംബങ്ങളും കുട്ടിച്ചോറായിപോകും. പോരെങ്കിൽ കർമ്മംകൊണ്ടല്ലെ ക്ഷത്രിയനും, ബ്രാഹ്മണനും മററും ആകുന്നതു്? പുരുഷനായി ജനിച്ച ഏവനും ഇന്നു ആയുധമെടുക്കേണമെന്ന നിലയിൽ യുദ്ധം പരിഷ്കരിച്ചിരിക്കുന്നതിനാൽ, യുദ്ധം നടത്തിപ്പിന്നു അണിയറയിൽ ചെയ്യേണ്ടതായ ഒരുക്കങ്ങൾക്കും, ഭരണയന്ത്രം നടത്തേണ്ടതിന്നും മററും യഥാർത്ഥത്തിൽ ആളില്ലാതെവന്നിരിക്കുന്നു. ഇതു് ഇന്ത്യയിലെ സ്ഥിതിമാത്രമല്ല, ലോകത്തിൽ സർവ്വരാജ്യങ്ങളിലെയും സ്ഥിതിയാണ്. പുരുഷശൂന്യമായിത്തീർന്ന ഈ മനുഷ്യസമുദായത്തിൻെറ നടത്തിപ്പിന്നു ഭംഗം വരുത്താത്തനിലയിൽ ചെയ്യേണ്ടതായ സകല പ്രവൃത്തികൾക്കും ഇന്നു സ്ത്രീസമുദായത്തിന്നു ഒരു സൌകര്യമായിട്ടുണ്ട്. വാസ്തവത്തിൽ 1942 ഏപ്രിൽ മാസത്തിൽ ഇന്ത്യയിലെ വിമൻസ് ആക്സിലറിക്കോർ എന്ന ഒരു സ്ഥാപനം വൈസ്രോയിയുടെ പത്നി ഉണ്ടാക്കിത്തീർത്തപ്പോൾ ഇതായിരുന്നു ഉദ്ദേശം.

ഇന്ത്യൻ സ്ത്രീകൾക്കു ഈ ഉദ്ദേശം മുഴുവൻ നിറവേററത്തക്ക പ്രാപ്തി അടുക്കളയിൽനിന്നു് അരങ്ങത്തേക്കു വരുമ്പോഴേക്കും ഉണ്ടാവാൻ തരമില്ലെല്ലൊ. മെല്ലെ തിന്നു മുള്ളും തിന്നാമെന്ന നിലയിലാണു മേൽപറഞ്ഞ സ്ഥാപനം പ്രവൃത്തിയാരംഭിച്ചിരിക്കുന്നതു്. ഒന്നാമതായി സ്ത്രീകൾക്കു, പതിനേഴു് വയസ്സു മുതൽ അയ്മ്പതു വയസ്സുവരെയുള്ള സ്ത്രീകൾക്കു, അന്യാശ്രയംകൂടാതെ ജീവിക്കാമെന്നുള്ള ഒരു സ്ഥിതി ഈ സ്ഥാപനം നൽകുന്നുണ്ട്. സ്വാതന്ത്ര്യത്തോടുകൂടി ജീവിക്കേണമെന്നിച്ഛിക്കുന്ന സ്ത്രീസമുദായത്തിന്നു ആദ്യമായി ഉണ്ടാകേണ്ടതു് ഇങ്ങിനെയൊരു ജീവിതനിവൃത്തിതന്നെയാണ്. കൊററിന്നു് ക്ലേശമില്ലെന്നുവന്നാൽ മനുഷ്യൻെറ മനസ്സിന്നും ബുദ്ധിക്കും വികാസവും ഉന്മേഷവും ആയി. ഇംഗ്ലീഷ് എഴുതാനും വായിപ്പാനും സാധിക്കുമെന്നുള്ളവർക്കു നൂറുറുപ്പിക മുതൽ നൂററിരുപതുറുപ്പികവരെ ആദ്യമായി ശംപളം കൊടുക്കും. ഇതിന്നു പുറമെ അലവൻസും മററും വേറെയുണ്ട്. ഉടുപ്പു്, താമസത്തിന്നുള്ള സൌകര്യങ്ങൾ ഇതെല്ലാം വളരെ സുഖമായി ഏർപ്പാടു ചെയ്യുന്നതിന്നു പുറമെ ഇതിലെല്ലാററിലും വെച്ചു് വലിയ ഒരു സൌകര്യം കുഡുംബജീവിതം ഈ ജോലികൊണ്ടു് നശിപ്പിക്കാതെ കഴിക്കാമെന്നുള്ള സംഗതിയാണ്. ഭർത്താവിന്നു് ജോലിയുള്ള ദിക്കിൽ ഭാര്യക്കും മാററം കിട്ടും; ഭർത്താവു് കല്പനയിൽ വരുമ്പോൾ ഭാര്യക്കും കല്പനകിട്ടും. ഈ വിധം പ്രവൃത്തികളെ നിയന്ത്രിച്ചുകൊണ്ടാണ് ഈ സ്ഥാപനത്തിലെ എല്ലാ ഏർപ്പാടുകളും. യുദ്ധം കഴിയുന്നതുവരെ ഇതിലുള്ള ജോലിക്കു യാതൊരു തകരാറുമില്ല. ഒരുപക്ഷെ, ന്യായമായ തൊഴിൽ ശീലിച്ചിട്ടുള്ളതുകൊണ്ടു് യുദ്ധം കഴിഞ്ഞാലും ഇതിൽ ചേർന്നിട്ടുള്ളവർക്കു നിവൃത്തിമാർഗ്ഗങ്ങൾ വല്ലതും ഉണ്ടായേക്കാം.


## ഡബ്ലിയു. എ. സി. (ഐ)

സ്വാതന്ത്ര്യത്തോടും മാന്യമായും ജീവിക്കേണമെന്നുദ്ദേശിക്കുന്ന

സർവ്വ സ്ത്രീകൾക്കും ന്യായമായ തൊഴിലിന്നുള്ള വഴിയാണ്

# യുദ്ധത്തിന്റെ സാമ്പത്തിക മുഖങ്ങൾ

(തുടർച്ച)

എത്രയോ വ്യാപ്തിയുള്ള ഈ സാമ്രാജ്യത്തിൽ പലക്കും പല ആവശ്യത്തിനും വേണ്ട സാധനങ്ങൾ ഓരോ സ്ഥലങ്ങളിലെത്തിക്കുവാനുള്ള ബുദ്ധിമുട്ട പ്രത്യേകമായിരിക്കുമെന്ന ആൎക്കും ആലോചിക്കാമല്ലൊ. ഈ ബുദ്ധിമുട്ട യുദ്ധം തുടങ്ങിയതോടുകൂടി ദിവസംപ്രതി അധികമായിവരികയാണു്. ഇന്ത്യയിൽ പല സ്ഥലങ്ങളിൽനിന്നും റയിലുകൾ പറിച്ചെടുത്തു് അന്യരാജ്യങ്ങളിലേക്കു കൊണ്ടുപോകേണ്ടി വന്നിട്ടുണ്ടു്. കൂടെ എഞ്ചിൻവണ്ടികളും മററുതരം വണ്ടികളും കയററിപ്പോയി. ഇങ്ങനെ ഒരുവശത്തു വാഹനസൌകൎയ്യങ്ങൾ കുറഞ്ഞു. മറുവശത്താകട്ടെ അവയ്ക്കുള്ള ആവശ്യം കൂടുതലാകയും ചെയ്തു. പട്ടാളങ്ങളെ അങ്ങുമിങ്ങും ഇടയ്ക്കിടയ്ക്കു് കൊണ്ടുപോകണം; യുദ്ധസാമഗ്രികൾ ഓരോ സ്ഥലങ്ങളിൽ എത്തിക്കണം; ഇവയെ ഉണ്ടാക്കുന്നതിന്നു് അസംസ്കൃതപദാൎത്ഥങ്ങൾ വ്യവസായകേന്ദ്രങ്ങളിൽ എത്തിക്കണം—ഈ ജോലികൾ മുമ്പത്തേതിൽ എത്രയൊ മടങ്ങു വൎദ്ധിച്ചു. മാസംപ്രതി പട്ടാളക്കാൎക്കു പ്രത്യേകമായി നാനൂറോളം തീവണ്ടികൾ ഓടിക്കേണ്ടിയിരിക്കുന്നു. പട്ടാള സാമാനങ്ങളാവട്ടെ സാധാരണമായി ഏകദേശം അഞ്ചുലക്ഷം ടണ്ണിനുപകരം നൂററിഅയ്മ്പതുലക്ഷം ടണ്ണാണു തീവണ്ടികൾക്കു ചുമക്കേണ്ടി വന്നതു്. ഈ വഴിക്കു ചുമതലകൾ കൂടുതലായതിന്നപുറമെ പൌരജീവിതത്തിനും വ്യവസായികോത്സാഹങ്ങൾക്കും പണ്ടത്തെപ്പോലെ തന്നെ കഴിയുന്നതും സൌകൎയ്യങ്ങൾ തുടൎന്നുപോകേണ്ടതായും വന്നു. കയററിപ്പോയ വാഹനസൌകൎയ്യങ്ങൾക്കുപകരം ആവക സാധനങ്ങൾ ഇന്ത്യയിലേക്കു ഇറക്കുവാൻ സാധ്യമാകുന്നില്ല. വേണ്ടതു് ഇവിടെ ഉണ്ടാക്കുവാനാണെങ്കിൽ അതിനുള്ള സജ്ജീകരണങ്ങൾ പതുക്കെമാത്രമെ സംഭരിക്കുവാൻ സാധിക്കുകയുള്ളൂ. പരിതഃസ്ഥിതികൾ ഇങ്ങനെയെല്ലാമായപ്പോൾ ബുദ്ധിമുട്ടുകളെ പരിഹരിക്കുവാനായി ഗവൎമ്മേണ്ടിന്നു പല നയങ്ങളും പ്രയോഗിക്കേണ്ടി വന്നു. തീവണ്ടിയാത്ര ചെയ്യുന്നതു ചുരുക്കുന്നതിനു് അധികാരികൾ പൊതുജനങ്ങളെ പലവിധേനയും പ്രേരിപ്പിക്കാൻ തുടങ്ങി. പണ്ടു ചന്തകൾ, വിശേഷദിവസങ്ങൾ, മുടക്കുദിവസങ്ങൾ ഇവ സംബന്ധിച്ചു തീവണ്ടിട്ടിക്കററുകൾക്കു ചുരുക്കനിരക്കുകൾ ഉണ്ടായിരുന്നതു നിൎത്തൽചെയ്തു. മാത്രമല്ല, നിരക്കുകൾ വൎദ്ധിപ്പിച്ചു. പൌരാവശ്യത്തിനു പ്രത്യേക വണ്ടികളും ഇപ്പോൾ ഓടിക്കുകയില്ല. സാധാരണ വണ്ടികളുംകൂടി ഓടുന്നതു നിൎത്തുകയുണ്ടായിട്ടുണ്ടു്. യാത്രക്കാൎക്കു പണ്ടത്തെപ്പോലെ സാമാനംകൂടെ കൊണ്ടുപോകുവാൻ പാടുള്ളതല്ല. യാത്രാസൌകൎയ്യങ്ങൾ കുറയ്ക്കുകയും ക്ലേശങ്ങൾ കൂട്ടുകയും ചെയ്താൽ പിന്നെ അത്യാവശ്യമുള്ളവർ മാത്രമല്ലേ യാത്രയ്ക്കു പുറപ്പെടുകയുള്ളൂ! അതുതന്നെയാണു് അധികാരികളുടെ ഉദ്ദേശവും. "വണ്ടികൾ ഓടിക്കൊണ്ടിരിക്കട്ടെ" എന്നൊരു മുദ്രാവാക്യമാണു് തീവണ്ടിക്കാർ കച്ചവടക്കാരോടു വിളിച്ചുപറയുന്നതു്. സാമാനംവന്നാൽ ഉടനെ എടുത്തു വണ്ടി ഒഴിച്ചു കൊടുക്കണം, വണ്ടികൾ അനാവശ്യമായി നിൎത്തരുതു്. എന്നാണു് തീവണ്ടിക്കാരുടെ മുദ്രാവാക്യത്തിന്റെ താല്പൎയ്യം. തീവണ്ടിസ്സേവനത്തെ ഇങ്ങനെ സംഘടിപ്പിച്ചുവരുന്നതോടുകൂടി സംഭരണവിതരണാവശ്യത്തിനു പത്തേമാരികൾ, തോണികൾ, നാടൻ വണ്ടികൾ ഇവയെ കൂടുതലായുണ്ടാക്കുവാനും ഉപയോഗിക്കുവാനും ഒരു പദ്ധതി തയ്യാറായിവരുന്നുണ്ടു്.

യുദ്ധച്ചെലവിനു പണം വേണ്ടതുണ്ടാക്കുവാൻ പല ഏൎപ്പാടുകളും ഇന്ത്യയിൽ ചെയ്തുകഴിഞ്ഞിരിക്കുന്നു. സകല ഭരണവകുപ്പുകളിലും ചെലവു കുറയ്ക്കണം കുറയ്ക്കണം എന്നു കേന്ദ്രഗവൎമ്മേണ്ടും പ്രാദേശിക ഗവൎമ്മേണ്ടുകളും നിൎബ്ബന്ധം തുടങ്ങീട്ടു കാലം കുറെയായിട്ടുണ്ടു്. മറുവശത്തു വരവു വൎദ്ധിപ്പിക്കുവാൻ നികുതികളിൽ പല ഭേദഗതികൾ വരുത്തുകയും ചെയ്തു. ഉദാഹരണമായി, ആദായനികുതി ഇന്ത്യയിൽ ഇപ്പോൾ പണ്ടത്തേക്കാളും കൂടുതലാണു്. തപ്പാൽ നിരക്കുകളും കമ്പനി നിരക്കുകളും കൂട്ടിവരുന്നതു് എല്ലാവൎക്കും അനുഭവമാണല്ലൊ. തീപ്പെട്ടിക്കു നാം അധികവില കൊടുക്കുന്നു. അതിനു കാരണം തീപ്പെട്ടി നികുതി കൂട്ടിയതാണു്. ഇപ്രകാരം ഉണ്ടായിരുന്ന നികുതികൾ കൂട്ടിയതു കൂടാതെ ഇല്ലായിരുന്ന നികുതികൾ ഉണ്ടാക്കീട്ടുമുണ്ടു്. ഉദാഹരണമായി, ഇംഗ്ലണ്ടിലെപ്പോലെതന്നെ ഇന്ത്യയിലും അമിതാദായ നികുതി വന്നിരിക്കുന്നു. ഈ നികുതിയുടെ തോതു് ഇന്ത്യയിൽ ഇംഗ്ലണ്ടിലേപോലം അധികമില്ലെങ്കിലും ഇവിടത്തെ വ്യവസായങ്ങളിൽനിന്നു് ഉത്ഭവിക്കുന്ന അമിതാദായത്തിന്റെ വലിയൊരുഭാഗം തന്നെ ഗഗൎമ്മേണ്ടിന്നെടുക്കാം. ഭേദപ്പെടുത്തിയതും പുതിയതും ആയ നികുതികൾകൊണ്ടു മുതലെടുപ്പു ഇപ്പോൾ വളരെ വൎദ്ധിച്ചിട്ടുണ്ടു്.

അധികാരികൾക്കു പണം കിട്ടുവാൻ മറെറാരു വഴി കടം വാങ്ങുന്നതാണല്ലൊ. നികുതിപ്പദ്ധതി ഭേദപ്പെടുത്തിയതുകൊണ്ടുമാത്രം യുദ്ധസംഭാരത്തിനു വേണ്ടത്ര പണം കിട്ടുകയില്ല. കടം വാങ്ങിക്കുക തന്നെ വേണ്ടിവരും എന്നുള്ള കാൎയ്യം മററുള്ളവരെപ്പോലെ ഇന്ത്യാ ഗവൎമ്മേണ്ടിനു നല്ലവണ്ണം അറിയാം. ഈ മഹാസമരം തുടങ്ങിയതിൽ പിന്നെ ഇന്ത്യയിൽ കേന്ദ്രഗവൎമ്മേണ്ടും പ്രവിശ്യഗവൎമ്മേണ്ടുകളും പല തവണയായി കടം വാങ്ങിയിരിക്കുന്നു. വൈസറോയിയുടെ പേരിൽ തുടങ്ങീട്ടുള്ള യുദ്ധാവശ്യനിക്ഷേപത്തിൽ ഇപ്പോൾ അനവധി കോടി ഉറുപ്പികയായിരിക്കുന്നു. ഈ അഖിലേന്ത്യാ ഫണ്ടു് കൂടാതെ ഓരോ പ്രവിശ്യകളിലും ഗവൎണ്ണർമാർ നിക്ഷേപങ്ങൾ രൂപീകരിച്ചിട്ടുണ്ടു്. രാജ്യത്തു പ്രമാണപ്പെട്ട പല മാസികകളിലും വൎത്തമാനപത്രങ്ങളിലും രാജ്യരക്ഷാ സൎട്ടിഫിക്കററുകളെപ്പററിയുള്ള (Defence Savings Certificates) പരസ്യങ്ങൾ കാണാം. ജനങ്ങൾ അവരുടെ സമ്പാദ്യംകൊണ്ടു ഈ സൎട്ടിഫിക്കററുകൾ വാങ്ങി രാജ്യരക്ഷയ്ക്കുള്ള നിക്ഷേപത്തെ പുഷ്ടിപ്പെടുത്തണമെന്നാണു് ഈ പരസ്യങ്ങൾ ജനതയെ ഉദ്ബോധിപ്പിക്കുന്നതു്.

പണമുണ്ടാക്കുവാൻ പലതരം പിരിവുകളും അധികാരപ്പെട്ടവർ നടത്തുന്നുണ്ടു്. ഇതിനു ചുമതലയെടുത്തിട്ടുള്ളവർ അപ്പോഴപ്പോഴായി പലവിധ ആഘോഷങ്ങളും (Fetes) പാട്ടുകച്ചേരികളും മത്സരക്കളികളും മററും ടിക്കററുവെച്ചു നടത്തി കിട്ടുന്ന തുക യുദ്ധാവശ്യത്തിലേക്കു തിരിക്കുന്നു. കഴിഞ്ഞ ലോകയുദ്ധം നടക്കുന്നതിനിടയ്ക്കു് ഒന്നാം നമ്പർ ഉള്ള ഒററ ഉറുപ്പികനോട്ടു് ഒരു വിരുന്നിനിടയ്ക്കു മറേറാ ലേലം വിളിച്ചു് ഒരുനൂററിഒന്നുറുപ്പിക യുദ്ധാവശ്യത്തിനു സമ്പാദിച്ചതായി കേട്ടിട്ടുണ്ടു്. ആ ഇടയ്ക്കു് തന്നെ ഒരു വിശിഷ്ടലോഹപ്പിരിവുകൂടി ഉണ്ടായിട്ടുണ്ടു്. അത്യാവശ്യമില്ലാത്ത ആഭരണങ്ങളും സ്വൎണ്ണം, വെള്ളി ഇവകൊണ്ടുണ്ടാക്കിയ പാത്രങ്ങളും വേറെ സാധനങ്ങളും എല്ലാം ശേഖരിച്ചു ലേലത്തിലും മററും വിററു പണം വസൂലാക്കിയിരുന്നു. ഈ വഴിക്കു ഏകദേശം എട്ടു ലക്ഷം ഉറുപ്പിക പിരിഞ്ഞുവെന്നാണു് അറിവു്. ഇത്തവണയും ഇത്തരത്തിലുള്ള പിരിവിനു പല സ്ഥലങ്ങളിലും സമിതികൾ സംഘടിപ്പിച്ചിട്ടുണ്ടു്.

വിദേശനാണ്യവിനിമയം നിയന്ത്രണം ചെയ്യുന്നതു സാമ്പത്തിക സമരനിരയുടെ ഒരു മുഖമാണെന്നു് മുമ്പൊരിക്കൽ പറയുകയുണ്ടായല്ലൊ. ഇന്ത്യയിലും ഈ നയം പ്രയോഗത്തിൽ വന്നിട്ടുണ്ടു്. വിദേശങ്ങളിലെ ബാങ്കുകളിൽ പണം നിക്ഷേപിച്ചിട്ടുള്ളവർ ആ കണക്കുകളെപ്പററിയുള്ള സകല വിവരങ്ങളും ഗവൎമ്മേണ്ടിനു കൊടുക്കേണ്ടതാണെന്നു നിൎബ്ബന്ധമായിരിക്കുന്നു. ചില സന്ദൎഭങ്ങളിൽ വ്യക്തികളുടെ പേരിൽ ഉണ്ടായിരുന്ന വിദേശനാണ്യ നിക്ഷേപങ്ങൾ ഉടമസ്ഥന്മാരിൽനിന്നു ഗവൎമ്മേണ്ടു വാങ്ങുകതന്നെ ചെയ്തിട്ടുണ്ടു്. വ്യക്തിപരമായുള്ള വിദേശ നാണ്യവിനിമയ കാൎയ്യങ്ങൾ സമ്മതിക്കുവാനും വിരോധിക്കുവാനും മററും ഇന്ത്യയിലെ റിസൎവ്വ് ബാങ്കിനു വളരെ അധികാരങ്ങൾ കൊടുത്തിരിക്കുന്നു. ശത്രുരാജ്യങ്ങളിലേക്കു യാതൊരു സംഗതിവശാലും പണം അയക്കുവാൻ പാടുള്ളതല്ല. പുറംരാജ്യങ്ങളിലേക്കു പോകുമ്പോൾ യാത്രക്കാർ ഇന്ത്യയിൽനിന്നു ക്ലിപ്തപ്പെടുത്തീട്ടുള്ള ഒരു സംഖ്യമാത്രമെ കയ്യിലെടുക്കാവൂ എന്നു നിശ്ചയമുണ്ടു്.

നാണ്യവിനിമയത്തിലെന്നപോലെ കച്ചവടത്തിലും നിയന്ത്രണം കാണാവുന്നതാണു്. നിയന്ത്രണാവശ്യത്തിനു കച്ചവട സാമാനങ്ങളെ പല ഇനങ്ങളായി തിരിച്ചിരിക്കുകയാണു്. അവയിൽ എ പട്ടികയിലെല്ലാം തോക്കു, തോട്ടത്തിര, വെടിമരുന്നു മുതലായ യുദ്ധസാമഗ്രികളാണു്. യുദ്ധ വകുപ്പിൽപെട്ടവൎക്കൊ അവരുടെ അധികാരത്തോടുകൂടിയൊ മാത്രമേ ഈവക സാമാനങ്ങളുടെ കൈമാററവും സ്ഥലമാററവും പാടുള്ളൂ. മരുന്നുകൾ, രാസയോഗങ്ങൾ, അസംസ്കൃത പദാൎത്ഥങ്ങൾ, ദൂരദൎശിനിക്കുഴലുകൾ, ഛായയെടുക്കുന്നതിന്നും മററുമുള്ള ഉപകരണങ്ങൾ ബി, സി, ഡി, ഇ എന്നെല്ലാം പട്ടികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവയെ കയററിയയക്കുവാൻ ചിലതിന്നു യുദ്ധസാമഗ്രിസജ്ജീകരണ വകുപ്പിന്റെയും, വേറെ ചിലതിന്നു കയററുമതി നിയന്ത്രണോദ്യോഗസ്ഥന്റെയും സമ്മതം വാങ്ങിക്കണം.

ഇന്ത്യയിൽ സാമ്പത്തികമായ യുദ്ധസംരംഭത്തിന്റെ മറെറാരു രംഗം കാണുന്നതു വ്യവസായവികാസത്തിലാണു്. യുദ്ധസാമഗ്രികളുണ്ടാക്കുന്ന വ്യവസായങ്ങളെ പോഷിപ്പിക്കുവാൻ "മുന്നവകാശം" എന്ന ഏൎപ്പാടു് ഇംഗ്ലണ്ടിൽനിന്നു് ഇന്ത്യയിലേക്കും പകൎത്തീട്ടുണ്ടു്. ഇതുകൊണ്ടു യുദ്ധാവശ്യത്തിനു് ഏതെങ്കിലും സാധനമൊ സേവനമൊ വേണ്ടിവന്നാൽ ആ ആവശ്യം ആദ്യം നടത്തിയതിൽ പിന്നെ മാത്രമെ പൊതു പൌരാവശ്യം നോക്കേണ്ടതുള്ളൂ. തീവണ്ടിക്കാർ പട്ടാളക്കാരേയും അവരുടെ സാമാനങ്ങളേയും ആദ്യം കയററുന്നു. വ്യവസായികൾ യുദ്ധസാമഗ്രികൾ മുമ്പിൽ ഉണ്ടാക്കുന്നു. കരാറുകാർ യുദ്ധസാമഗ്രികൾ ഉണ്ടാക്കുവാനാവശ്യമുള്ള പദാൎത്ഥങ്ങൾ ആദ്യമായി ശേഖരിച്ചു കൊടുക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള വ്യവസായശാലകൾ നമ്മുടെ രാജ്യത്തു് ഇപ്പോൾ പണ്ടത്തേക്കാൾ എത്രയോ

അധികമാണ്. ലോഹംകൊണ്ടു് ഒരുമാതിരി എല്ലാംതന്നെ ഉണ്ടാക്കിയിരുന്ന ഉല്പാദനകേന്ദ്രങ്ങളിലും ഇപ്പോൾ യുദ്ധത്തിന്നുള്ള സാധനങ്ങളാണ് ഉണ്ടാക്കുന്നതു്. തീവണ്ടി, മോട്ടോർ, വിദ്യുച്ഛക്തി, യന്ത്രങ്ങൾ ഇവ സംബന്ധിച്ചുള്ള വ്യവസായശാലകളിൽ നിർമ്മിക്കുന്ന സാമാനങ്ങളിൽ മിക്കതും യുദ്ധസാമഗ്രി സജ്ജീകരണ വകുപ്പുകാർ കൊണ്ടുപോകുന്നു. തോക്കുകൾ, തോട്ടകൾ മുതലായവ ഉണ്ടാക്കുവാനായി അനവധി യന്ത്രശാലകൾ പുതുതായി പണിതീർത്തിട്ടുമുണ്ടു്, തീർന്നുവരുന്നുമുണ്ടു്. ഉണ്ടായിരുന്ന സജ്ജീകരണങ്ങൾ മതിയാകാതെവന്നതുതന്നെയാണ് കാരണം. മറെറാരു പരിണാമവും കൂടി കാണാവുന്നതാണ്. സുഖാവശ്യത്തിനുള്ള സാമാനങ്ങൾ ഉണ്ടാക്കിയിരുന്ന കേന്ദ്രങ്ങളിൽ ഇപ്പോൾ യുദ്ധാവശ്യത്തിന്നുള്ള സാധനങ്ങൾ ഉണ്ടാക്കിവരുന്നു. പരവധാനി ഉണ്ടാക്കിയിരുന്നേടത്തു് കൂടാരത്തുണി, ടെന്നിസ്സ് കളിക്കുള്ള വലയുണ്ടാക്കിയിരുന്നേടത്തു സാധനങ്ങൾ മറയ്ക്കുവാനുള്ള വല (camouflage net); വിദ്യുച്ഛക്തി വിശറികളുണ്ടാക്കിയിരുന്നേടത്തു് ആകാശാക്രമണം സംബന്ധിച്ചുപയോഗിക്കുന്ന ചൂളയന്ത്രം,—ഇപ്രകാരമാണ് ഇപ്പോഴത്തെ ഉല്പാദന പദ്ധതി. മറയ്ക്കുവാനുള്ള വലകൾതന്നെ അഞ്ചു കോടി രൂപ വിലക്കുള്ളവ യുദ്ധാധികാരികൾ ആവശ്യപ്പെട്ടിരിക്കുന്നു. കുടിൽവ്യവസായ രീതിയിലും യുദ്ധത്തിന്ന് ആവശ്യമുള്ള സാധനങ്ങൾ ധാരാളം ഉണ്ടാക്കിവരുന്നുണ്ടു്. ഇന്ത്യയിൽ ഇങ്ങനെ അധികാരികളുടെ ആജ്ഞാപ്രകാരം ഇപ്പോൾ സജ്ജീകരിക്കുന്ന സാമഗ്രികൾക്കു പത്തു കോടി രൂപയിലധികം വിലവരുമത്രെ. കപ്പലുകൾ, കട്ടിലുകൾ, അടുപ്പുകൾ, ഉടുപ്പുകൾ, നശിപ്പിക്കുവാൻ സാധനങ്ങൾ, രക്ഷിക്കുവാൻ സാധനങ്ങൾ ഇവയെല്ലാം അനവധിയായി ഉണ്ടാക്കേണ്ടാവശ്യമുള്ളതുകൊണ്ടു് പല ഉല്പാദനകേന്ദ്രങ്ങളിലും ഇപ്പോൾ രാപ്പകൽ ജോലിയാണ്.

സാധനനിർമ്മാണത്തിനു നാട്ടിൽ അസംസ്കൃത പദാർത്ഥങ്ങൾ ധാരാളമാണ്. എന്നാൽ അവയെ വിവിധോല്പന്നങ്ങളാക്കുവാനുള്ള യന്ത്രങ്ങളും യന്ത്രങ്ങളെ ഉപയോഗിക്കുവാൻ ത്രാണിയുള്ളവരും നമ്മുടെയിടയിൽ ദുർല്ലഭമാകയാൽ സാധനനിർമ്മാണം വേണ്ടിടത്തോളം വേഗത്തിലാകുന്നില്ല. ഈ ന്യൂനത പരിഹരിക്കുവാനായിട്ടാണ് ഇന്ത്യയിൽ ഇപ്പോൾ ആയിരക്കണക്കായി ആളുകൾക്കു സാങ്കേതിക പരിശീലനം കൊടുക്കുന്നതു് (Technical training). യന്ത്രനിർമ്മാണം വ്യവസായ സംഘടനം എന്ന കാര്യങ്ങളിൽ ഉപരിപരിശീലനത്തിന്ന് ബെവിൻപ്ലാൻ പ്രകാരം ഭാരതീയരെ ഇംഗ്ലണ്ടിലേക്കു അയക്കുന്നതിനെപ്പററി പലർക്കും അറിവുണ്ടായിരിക്കാം. ഇതിനുപുറമെ ഇ…ിടെയും ഇംഗ്ലണ്ടിലെപ്പോലെ രാഷ്ട്രസേവന നിയമം നടപ്പിൽ വരുത്തിയിരിക്കുന്നു. ശാസ്ത്രജ്ഞന്മാരേയും വ്യവസായ വിദഗ്ദ്ധന്മാരേയും യുദ്ധസംഭരണങ്ങൾ ഉണ്ടാക്കുന്നതിന്ന് ആവശ്യമാണെങ്കിൽ അവരെ തല്ക്കാലജോലികളിൽനിന്നു യുദ്ധവ്യവസായങ്ങളിലേക്കു എടുക്കുവാനുള്ള അധികാരം മേല്പറഞ്ഞ നിയമം കൊണ്ടു ഗവർമ്മേണ്ടു കൈയേല്ക്കുന്നു എന്നു് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

(ലോകപ്രകാശികാ ഗ്രന്ഥമാല : കൊച്ചി യുദ്ധ പ്രസിദ്ധീകരണ വകുപ്പിൽനിന്ന്)

## പട്ടാളക്കാരും ഗതാഗത നിയമങ്ങളും

പട്ടാളക്കാർ അവരുടെ വാഹനങ്ങൾ റോഡുകളിൽ കൂടി അന്തമില്ലാതെ ഓടിക്കുന്നുണ്ടെന്ന് ആക്ഷേപിച്ചു കൊണ്ടു അനവധി ആളുകൾ പത്രങ്ങളിൽ എഴുതിക്കാണുന്നു. പട്ടാളക്കാരെ ഗതാഗത നിയമങ്ങളൊന്നും ബാധിക്കുന്നില്ലെന്ന് കരുതുന്നതിൽ തെററുണ്ടോയെന്നാണ് ഈ ആക്ഷേപക്കാർ ചോദിക്കുന്നതു്.

സാധാരണ പൌരന്മാരെ ബാധിക്കുന്ന യാതൊരു ഗതാഗത നിയമങ്ങളിൽനിന്നും പട്ടാളക്കാരെ ഒഴിവാക്കിട്ടില്ല. പട്ടാളത്തിൽ വാഹനങ്ങൾ ഓട്ടുന്നവരോടു ഗതാഗത നിയമങ്ങൾ ശരിയായി ആചരിച്ചുകൊള്ളേണമെന്നു നിർബ്ബന്ധിച്ചിട്ടും ഉണ്ടു്. സൂക്ഷിച്ചു വണ്ടികൾ ഓട്ടിക്കൊള്ളേണമെന്നും സൂക്ഷിക്കാതെ വണ്ടികൾ ഓട്ടുന്നവരെ തക്കതായി ശിക്ഷിക്കുന്നതാണെന്നും കാണിച്ചു കൊണ്ടുള്ള ഒരു കല്പനതന്നെ അടുത്തവസരത്തിൽ പുറപ്പെടുവിച്ചിട്ടുണ്ടു്.

വല്ലവസരത്തിലും വല്ലവരുടെയും മേലെ പട്ടാളവാഹനങ്ങൾ കയററുന്നപക്ഷം, ഉടനെതന്നെ ഡ്രൈവർ ആയയാളെ ന്യായമായി ചികിത്സിക്കേണ്ടതിന്നുള്ള ഏർപ്പാടുകൾ ചെയ്യേണമെന്നും, ഈ സംഭവത്തെ കുറിച്ച് അടുത്തുള്ള പോലിസ്സുകാരനോ, പോലിസ്സുകാരൻ ഇല്ലാത്ത പക്ഷം, പോലീസ് സ്റ്റേഷനിലൊ അറിവു കൊടുക്കേണമെന്നും ഈ കല്പനയിൽ പറഞ്ഞിട്ടുണ്ടു്.

പട്ടാളവാഹനങ്ങളെ തെളിക്കുന്നവർ ആചരിക്കേണ്ട നിയമങ്ങൾ സാധാരണക്കാർക്കുള്ളതിലും കഠിനമായിട്ടുള്ളവയാണ്. ഈ നിയമങ്ങൾ തെററിക്കുന്നവർക്കുള്ള ശിക്ഷയും കഠിനമാണ്. രാത്രികാലങ്ങളിൽ ആചരിക്കേണ്ട നിയമങ്ങൾ പകലുള്ളവയിലും അധികം കഠിനമുള്ളവയാകുന്നു.

ഈ നിയമങ്ങളെ വേണ്ട വിധം ആചരിക്കേണമെന്നു വെച്ച് സൈന്യാധികാരികൾ വളരെ യത്നിക്കുന്നുണ്ടു്. എന്നാൽ കുററം ചെയ്യുവരെ ശിക്ഷിക്കുവാൻ വേണ്ട തെളിവുകളിൽ പ്രധാനമായിട്ടുള്ളതാണ്, വാഹനത്തിൻെറ നമ്പറും, സംഭവം നടന്ന സ്ഥലവും, സമയവും എന്നു് ജനങ്ങൾ മനസ്സിലാക്കണം.

ഇങ്ങിനെയുള്ള തെളിവുകളോടുകൂടിയുള്ള ആക്ഷേപങ്ങളെപ്പററി പട്ടാള മേലധികാരത്തിൽ നിന്നു് ഉടനെ അന്വേഷണം നടത്തുന്നതായിരിക്കും. ആക്ഷേപങ്ങളെല്ലാം അയക്കേണ്ടതു്: ബ്രിഗേഡിയർ, സബ്ബ് ഏരിയ, ഹെഡ്ക്വാർട്ടർസ്, എന്ന മേൽവിലാസത്തിലാണ്.

## കേരളം

# ദുരിതനിവാരണാർത്ഥം

### മലബാറിൽ നടത്തപ്പെടുന്ന ശ്രമങ്ങൾ

(ഡിസ്ട്രിക്ട് ഓർഗനൈസർ അയച്ചുതന്നതു്.)

മലയാളക്കരയിൽ വിശിഷ്യ നാട്ടിൻപുറങ്ങളിൽ, ഓണവും, പെരുന്നാളും കഴിച്ചാൽ പിന്നെയുള്ള വിശേഷ കാല—കൊയ്ത്തു കാല—മാണിപ്പോൾ. കന്നിക്കൊയ്ത്ത് മിക്ക സ്ഥലങ്ങളിലും ഏതാണ്ടു് അവസാനിച്ചു തുടങ്ങി. ഈ തരം നോക്കി നെല്ലു് കിട്ടുന്നേടത്തോളം ശേഖരിച്ചു പത്തായത്തിലിട്ടുപൂട്ടി അതിലാഭമെടുക്കുവാൻ കൊതിക്കുന്ന കള്ളക്കച്ചവടക്കാരും പ്രമാണിമാരും കണ്ണും തലയും എടുത്തിട്ടുണ്ടു്. സാധുക്കളുടെ സമ്പാദ്യം അനർഹമായ നിലയിൽ തട്ടിയെടുത്തു പെട്ടി നിറക്കുവാൻ നോക്കുന്ന ഇത്തരം സ്വാർത്ഥക്കൊതിയന്മാരുടെ അക്രമങ്ങളെ ഇല്ലാതെയാക്കുവാൻ ദേശീയ സമരമുന്നണി പ്രവർത്തകന്മാരും ഗവമ്മേണ്ടുദ്യോഗസ്ഥന്മാരും അശ്രാന്തം പരിശ്രമിച്ചുവരുന്നു. ഗ്രാമീണജനങ്ങളുടെ ഇടയിൽ ഇതു് വലുതായ ഒരാശ്വാസം ഉളവാക്കീട്ടുണ്ടു്. ഇപ്രകാരം തന്നെ ആവശ്യത്തിന്നു മതിയായത്ര വിളവുകൾ ഉണ്ടാവാത്ത സ്ഥലങ്ങളിൽ പുറരാജ്യങ്ങളിൽനിന്നു് അരി എത്തിക്കുവാൻ ഗവമ്മേണ്ടു് ചെയ്തിട്ടുള്ള ഏർപ്പാടുകളും, അതിലാഭമെടുക്കുന്നതിനെ തടയുവാനായി പല ദിക്കിലും മര്യാദവില ഷാപ്പുകൾ തുറന്നിട്ടുള്ളതും, പ്രധാന പട്ടണങ്ങളിൽ എല്ലാവർക്കും മിതജീവിതത്തിന്നു മതിയായ തോതിൽ ആൾവിഹിതം നിർണ്ണയിച്ചു് ആഹാരസാധനങ്ങൾ വിതരണം ചെയ്യാൻ നിശ്ചയിച്ചിട്ടുള്ളതും മലബാറിൽനിന്നു പട്ടിണിയെ അകററുവാൻ സഹായകങ്ങളാകുന്നു.

> **കേരളത്തിൽ ദേശീയ സമരമുന്നണിപ്രസ്ഥാനത്തിൻെറ കർമ്മപദ്ധതികൾ**

മലബാറിൽ ഇക്കുറി ഓണവും പെരുന്നാളും ഉചിതമായ നിലയിൽ ആഘോഷിക്കപ്പെട്ടു. മഹാബലി വാണ നാട്ടിൽ മാനംമറക്കാൻ നിവൃത്തിയില്ലാതെ ഓണം കഴിക്കേണ്ടിവരുമോ എന്നു് സാധുക്കൾ പേടിച്ചിരുന്നു. അത്രക്കു വർദ്ധിച്ചിട്ടുണ്ടല്ലൊ വസ്ത്രങ്ങളുടെ വില. എന്നാൽ യഥാവസരം സ്റ്റാണ്ടേഡ് വസ്ത്രം നഗരവാസികൾക്കും ഗ്രാമീണർക്കും ഒരുപോലെ വാങ്ങുവാൻ സൌകര്യപ്പെടുമാറ് സകല ദിക്കുകളിലും വില്പനക്കെത്തിയതുകൊണ്ടു് ആ ഭയം തീരെ പോയി. അത്രയുമല്ല, ഗവമ്മേണ്ടു ചെയ്ത ഈ ഏർപ്പാടുനിമിത്തം ഓണത്തിന്നു 'കോടി' ഉടുക്കുവാനും, പെരുന്നാൾക്കും 'പുതുവസ്ത്ര' മണിയുവാനും കഴിയാതെ കേഴുവാൻ മലബാറിലെ സാധുക്കൾക്കു സംഗതിവന്നതുമില്ല. സ്റ്റാണ്ടേർഡ് വസ്ത്രങ്ങൾ വളരെ ആദായവിലക്കു ആവശ്യത്തിന്നു മതിയാവുന്നത്ര സകലർക്കും വില്ക്കുവാൻ ഗവമ്മേണ്ടു് ഏർപ്പാടു് ചെയ്തിട്ടുണ്ടെന്നുള്ള സന്ദേശം ദേശീയ സമരമുന്നണി പ്രവർത്തകന്മാർ നാടുനീളെ പ്രചരിപ്പിച്ചു. ഇപ്പോഴും അവർ ആ കൃത്യം തുടൎന്നു വരുന്നു.

ആഹാരസാധനങ്ങൾ അധികമായി കൃഷിചെയ്യുണ്ടാക്കുന്നതിന്നു ഗവമ്മേണ്ടു ചെയ്യുന്ന സഹായം മലബാറിലെ കർഷകന്മാരുടെ ഇടയിൽ ഒരു നവജീവൻ ഉളവാക്കിയിരിക്കുന്നു. ഗവമ്മേണ്ടു വക തരിശായി കിടക്കുന്ന ഭൂമികൾ—കച്ചേരി വളപ്പുകളും പുറംപോക്കു സ്ഥലങ്ങളും ഇതിലുൾപ്പെടും—പാട്ടം കൂടാതെ കൃഷി ചെയ്വാൻ സൌജന്യമായി കൊടുക്കുക; കൃഷി ചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളിൽ പുതുതായി ആഹാരോല്പന്നങ്ങൾ കൃഷി ചെയ്വാനായി പലിശകൂടാതെ, വെറും ആൾ ജാമ്യത്തിന്മേൽ കർഷകന്മാർക്കു പണം കടം കൊടുക്കുക; അതു താമസംകൂടാതെ അപേക്ഷകന്മാർക്കു വാങ്ങുവാൻ സൌകര്യമായ വിധത്തിൽ കടം അനുവദിച്ചുകൊടുക്കുവാനുള്ള അധികാരം റവന്യൂ ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥന്മാർക്കു നൽകുക എന്നിവ ഗവമ്മേണ്ടു ചെയ്തുവന്ന സഹായങ്ങളിൽ ചിലതു മാത്രമാണു്. ഇതിന്നു പുറമെ പുതുതായി ഒരു സൌജന്യവുംകൂടെ കുറച്ചു മാസങ്ങൾക്കു മുമ്പു് ഗവമ്മേണ്ടു് അനുവദിച്ചിട്ടുണ്ടു്. സ്ഥിരം ജമക്കു പിടിച്ചു നികുതി കെട്ടാത്ത പറമ്പുകളിലും കുന്നിൻ പ്രദേശങ്ങളിലും തുടൎച്ചയായി മൂന്നു കൊല്ലം കൃഷി ചെയ്യുകയാണെങ്കിൽ ആ വക സ്ഥലങ്ങളെ സ്ഥിരം ജമക്കു പിടിച്ചു നികുതി കെട്ടുകയായിരുന്നു പതിവു്. ആഹാരസാധനങ്ങൾ കൃഷി ചെയ്യുന്ന വിഷയത്തിൽ ആ പതിവു് ഇപ്പോൾ നിൎത്തൽചെയ്തിട്ടുണ്ടു്. ഗവമ്മേണ്ടിൻെറ ഈ വക സഹായങ്ങളുടെയും ദേശീയ സമരമുന്നണി പ്രവർത്തകന്മാരുടെ നിരന്തരപരിശ്രമത്തിൻെറയും ഫലമായി മലബാറിൽ എത്രയോ അധികം ഏക്ര സ്ഥലത്തു് ഇപ്പോൾ പുതുതായി നെല്ലു്, കൊള്ളിക്കിഴങ്ങു് ചക്കരവള്ളിക്കിഴങ്ങു തുടങ്ങിയ നാനാവിധ ആഹാരസാധനങ്ങൾ കൃഷി ചെയ്തുവരുന്നു.

ജനങ്ങളുടെ ദുരിതനിവാരണാർത്ഥം ഗവമ്മേണ്ടു ചെയ്യുന്ന ഏർപ്പാടുകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് ബർമ്മ, മലയാ, സ്ട്രെയിററ്സ് സെററിൽമെണ്ട്സ് (സിങ്കപ്പൂർ) മുതലായ സ്ഥലങ്ങളിൽനിന്നു ഓടിപ്പോന്ന അഭയാർത്ഥികൾക്കും ശത്രുവിൻെറ അധീനത്തിൽപെട്ട ആ വക രാജ്യങ്ങളിൽ കുടുങ്ങിപ്പോയ ആളുകളുടെ കുടുംബങ്ങൾക്കും നൽകിവരുന്ന ധനസഹായം. വളരെ ഇന്ത്യക്കാർ ആ രാജ്യങ്ങളിൽ പോയി ഗവമ്മേണ്ടുദ്യോഗങ്ങൾ വഹിച്ചും, കച്ചവടത്തിലും മററു വിവിധ തൊഴിലുകളിലും ഏർപ്പെട്ടും മാന്യമായ നിലയിൽ ജീവിതം കഴിക്കുകയും കുടുംബം രക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ ജാപ്പാൻകാർ ചതിയിൽ ഏററവും ക്രൂരമായ നിലയിൽ ആ രാജ്യങ്ങളെ ആക്രമിച്ചപ്പോൾ വളരെ ആളുകൾ അവരുടെ ജീവസന്ധാരണമാർഗ്ഗങ്ങളെയെല്ലാം ഉപേക്ഷിച്ചു അഭയാർത്ഥികളായി നാട്ടിലേക്കു പോന്നു. അനേകം ആളുകൾ അവിടെ കുടുങ്ങിപ്പോകുകയും ചെയ്തു. ഈ രണ്ടു കൂട്ടത്തിലുമായി മലബാറിലെ ആയിരക്കണക്കായ ആളുകൾ ഉണ്ടെന്നു പറയുന്നതിൽ അതിശയോക്തി ഇല്ല. അങ്ങിനെ അഭയാർത്ഥികളായി നാട്ടിലെത്തീട്ടുള്ള ആളുകൾക്കും അവിടെ കുടുങ്ങിപ്പോയിട്ടുള്ള ആളുകളുടെ കുടുംബങ്ങൾക്കും അതാതാളുകളുടെ അവസ്ഥാനുസരണം ഗണ്യമായ ഓരോ തുക മാസംതോറും ഗവമ്മേണ്ടിൽനിന്നു് കൊടുത്തുവരുന്നു. മലബാറിൽ ഈ ധനസഹായം വാങ്ങുന്ന ആളുകളില്ലാത്ത വല്ല അംശവും ഉണ്ടോ എന്നു സംശയമാണു്. വളരെ മാസങ്ങളായിട്ടു കൊടുത്തുവരുന്ന ഈ ധനസഹായം ഇപ്പോഴും തുടൎന്നു വരുന്നതിനാൽ മലബാറിൽ ആയിരക്കണക്കായ കുടുംബങ്ങൾക്കു് അഹോവൃത്തിക്കു മുട്ടാതെ കഴിഞ്ഞുവരുന്നു.

## പൊതുനന്മക്കു ഒരു സ്ഥാപനം

കേരളക്കരയെ സംബന്ധിച്ചു് അഭിമാനം കൈക്കൊള്ളുന്ന അനവധി മാന്യസന്താനങ്ങൾ അന്യദിക്കുകളിൽ കിടപ്പുണ്ടു്. അവരെല്ലാം മലബാറിൻെറ അഭിവൃദ്ധിക്കു വേണ്ടതായ എന്തെങ്കിലും ഒരു സ്ഥാപനം ഏർപ്പെടുത്തേണമെന്നുള്ള അഭിപ്രായക്കാരുമാണു്. ഈ നിലക്കു് ഉത്തരവാദപ്പെട്ട ചില മാന്യന്മാർ ചേൎന്നു് മലബാറിൽ ഒരു മലബാർ ഇംപ്രൂവ്മെൻറ് ട്രസ്റ്റ് എന്ന സ്ഥാപനം ഏർപ്പെടുത്തുന്നതിൽ എന്താണു് വിരോധം? കർഷകാഭിവൃദ്ധിക്കും വ്യവസായാഭിവൃദ്ധിക്കും ഒരുപോലെ ഉതകുന്നതായ ഇങ്ങിനെ ഒരു സ്ഥാപനം പൊതുജനാഭിപ്രായത്തിന്നനുകൂലിച്ചതാണെന്നു വരികിൽ അതിനെ സംബന്ധിച്ചു വിശദമായി ആലോചിക്കാവുന്നതാണു്. പൊതുജനങ്ങൾ സഹകരിച്ചുകൊണ്ടു് രാജ്യാഭിവൃദ്ധിക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങളോടു് ഗവമ്മേണ്ടിന്നു് പൂർണ്ണമായ ആനുകൂല്യവും ഉണ്ടാകാതിരിക്കയില്ല.

# 5,000 ക. ഇനാം

## ശത്രു ഏജൻറമാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീടു ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയൊ അല്ലെങ്കിൽ ശത്രുവിന്നു സഹായം നല്കുന്നതിൽ അയാൾ ഊർജ്ജിതമായി ഏർപ്പെട്ടിരിക്കുന്നുവെന്നു രാജ്യസംരക്ഷണാധികാരസ്ഥന്മാർക്കു ബോദ്ധ്യമാംവണ്ണം തെളിയിക്കുകയൊ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവർമ്മേണ്ടു ഇനാം കൊടുക്കുന്നതാണു്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്നു ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണു്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു് സംബന്ധിച്ചു്, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോർട്ടു് ചെയ്യേണ്ടുന്ന ആവശ്യകതയിലേക്കു് പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു :—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്നു വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽതിരത്തിലൊ മററു വല്ല സ്ഥലത്തൊ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററു വിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേർന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയൊ കടന്നുപോകുകയൊ അല്ലെങ്കിൽ വിമാനത്തിൽനിന്നു് പാരക്ക്യൂട്ടു് വഴിയായി ആളുകൾ താഴോട്ടിറങ്ങുകയൊ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയൊ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവർത്തനം കരവഴിക്കൊ, കടൽവഴിക്കൊ, ആകാശമാർഗ്ഗമായൊ സമീപസ്ഥലത്തു് നടക്കുന്നുണ്ടെന്നു് സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണു് പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയൊ പോലീസ്സു് ഉദ്യോഗസ്ഥൻെറയൊ അടുക്കലൊ,

(II) പട്ടണങ്ങളിൽവെച്ചാണു് പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സു് ഉദ്യോഗസ്ഥൻെറ അടുക്കലൊ പോലീസ്സു് സ്റ്റേഷനിലൊ.

ഏല്പിക്കുകയൊ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയൊ പോലീസ്സു് സ്റ്റേഷനിലൊ അറിയിക്കുകയൊ വേണം. അംശം അധികാരിയും പോലീസ്സു് ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സു് മേലധികാരസ്ഥന്നൊ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കൊ റിപ്പോർട്ടു് ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ കാണിച്ചു്, തേർച്ച ചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ത്രിക്ടു് മജിസ്ത്രേട്ടിന്നൊ ഡിസ്ത്രിക്ടിലെ കലക്ടർക്കൊ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നൊ പൊളിററിക്കൽ ഏജൻറിന്നൊ) അയക്കേണ്ടതാണു്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാർജ്ജുള്ള മജിസ്ത്രേട്ടു്, വിചാരണ നടന്ന കോടതിയുടെ ശിപാർശികളനുസരിച്ചു്, സാധാരണമായി ഇനാം കൊടുക്കുന്നതാണു്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാർത്ഥവുമാണെന്നതിനനുസരിച്ചു് കണക്കാക്കുന്നതുമാണു്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയൊ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയൊ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവർമ്മേണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂർവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാർക്കൊ ഗസററഡ് ഗവർമ്മേണ്ടു് ഉദ്യോഗസ്ഥന്മാർക്കൊ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാർട്ടുമെണ്ടുകളിലുള്ള നോൺ-ഗസററഡ് ഗവർമ്മേണ്ടു് ഉദ്യോഗസ്ഥന്മാർ ഇനാമിന്നു അർഹരാണു്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY. "VICTORY HOUSE", MOUNT ROAD, MADRAS.